# പ്രസന്നകേരളം

SAHRUDAYA PUBLIC LIBRARY K. JACOB MANARCHAT

കല്പനാദത്ത്

## ചിററഗോംഗ് വീരന്മാർ

### ഇരുമ്പഴികൾക്കുള്ളിൽ നിന്നു പുറത്തേക്ക്

1930 ഏപ്രിൽ 18—! അവിസ്മരണീയമായ ഒരു ദിനമായി പരിലസിക്കുന്നു. അന്നാണു ചിററഗോങ്ങിലെ ഒരു ചെറിയ സംഘം യുവയോധന്മാർ ബ്രിട്ടീഷ് ഏകാധിപത്യത്തെ എതിരിട്ടു മരണംവരെ പോരാടുവാൻ ദൃഢനിശ്ചയം ചെയ്തിറങ്ങിയതു്.

വിപുലമായ ഒരു സൈന്യസമൂഹത്തോടുകൂടി രണക്കളത്തിലേക്കിറങ്ങുകയല്ലാ അവർ ചെയ്തതു്; ഒരു യുദ്ധം ചെയ്യുവാൻ മാത്രം ആയുധസാമഗ്രികളും അവർക്കുണ്ടായിരുന്നില്ലാ. പക്ഷെ ആ സാമ്രാജ്യത്തെ വെല്ലുവിളിക്കുന്ന അജയ്യമായ സ്വാതന്ത്ര്യദാഹം അവരുടേതായിരുന്നു! ശാപഗ്രസ്തരായ സ്വജനങ്ങളെ അടിമത്വത്തിൽനിന്നു വിമോചിപ്പിക്കുക—അല്ലെങ്കിൽ അതോടെ അവസാനിക്കുക—അതായിരുന്നു അവരുടെ തീരുമാനം.

മനുഷ്യരക്തത്തിന്റെ തണുപ്പിലാണു സ്വാതന്ത്ര്യവൃക്ഷം തഴച്ചുവളരുന്നതെന്ന് അവർ വിശ്വസിച്ചിരുന്നു. അതിനുള്ള ആത്മാർപ്പണം ചിററഗോങ്ങിനടുത്തുള്ള "ജലാലബാദ്" മലകളിൽ വെടികൊണ്ടു വീണ പതിനൊന്നു രക്തസാക്ഷികളുടെ ചെന്നിണക്കൂട്ടമായിരുന്നു എന്നാൽ അതായിരുന്നില്ലാ അവസാനത്തേതു്.

അന്നേദിവസം രാത്രി പാഞ്ഞുകൊണ്ടിരുന്ന വെടിയുണ്ടകളെ ചിററഗോങ്ങിലെ വീട്ടുകളിൽ ഇന്നും ഓർമ്മിക്കപ്പെടുന്നു. ചിററഗോങ്ങിലെ അമ്മമാരുടെ സുമുഖമണ്ഡലത്തിൽ ആ ഭീകരകഥ, സ്വാതന്ത്ര്യസമരത്തിന്റെ രക്തരേഖയും മായ്ക്കപ്പെട്ടാലെന്നപോലെ, ഇന്നും തെളിഞ്ഞു നിൽപ്പുണ്ട്. ആ വെടിയുണ്ടകൾക്കു മാത്രം സാമ്രാജ്യത്വത്തെ തകർക്കുവാൻ കഴിഞ്ഞില്ലെന്നതു വാസ്തവമാണ്. എന്നാൽ ഇനിയൊരാളും കെടുക്കുവാനാവാത്ത ദാവാഗ്നിയുടെ പ്രഥമസ്ഫുലിംഗങ്ങൾ അന്നവിടെ നിന്നാണു പടർന്നതു്.

അറിവില്ലാത്ത ബന്ധനസ്ഥരായവരുടെ അട്ടഹാസത്തിൽ സമരത്തിന്റെ തീ കെടുത്തുവാൻ സാമ്രാജ്യത്വം ശ്രമിച്ചു. എന്നാൽ ഇരുൾ നിറഞ്ഞ കല്ലറകളും ആൻഡമാനിലെ ദീർഘമായ നാടുകടത്തലുകളും അവരെ കൂട്ടത്തിൽ സാമ്രാജ്യത്വപൈശാചികതകളും ഉദ്ദീപിതരാക്കിത്തീർക്കുക മാത്രം ചെയ്തു. വിപ്ലവജ്വാലകൾ ബംഗാളിലെവിടേയും, ഭാരതമാകെ പടർന്നു കഴിഞ്ഞു. ചിററഗോങ്ങ് വീരന്മാർ വളർത്തിപ്പോന്ന സങ്കുചിത സാമൂഹ്യവൃത്തങ്ങൾ വിട്ട് ഭാരതീയ കർഷകന്റെയും തൊഴിലാളികളുടേയും ഹൃദയാന്തർഭാഗത്തു് ഇന്നതു് ആളിക്കത്തുകയാണ്. "അടിമത്വച്ചങ്ങലയെ തകർത്തെറിയുക" ഇതാണിന്ന് എല്ലാ മുഖങ്ങളിൽനിന്നുമൊന്നിച്ചുയരുന്ന വീരാഹ്വാനം.

അതുകൊണ്ടാണ് "ആസാദ്ഹിന്ദ്" പ്രക്ഷോഭകാലത്തു് കൽക്കട്ടയിലെ ഒരു തെരുവീഥിയിൽ വെടികൊണ്ടുവീണ 12 വയസ്സായ ഒരു ബാലൻ "അമ്മേ, ഞാൻ മരിക്കുന്നതു് എന്റെ നാടിനു വേണ്ടിയാണ്" എന്നു തന്റെ പ്രിയമാതാവിനെ വിളിച്ചുപറഞ്ഞുകൊണ്ടു വീരസ്വർഗ്ഗം പൂകിയതു്.

വൃദ്ധന്മാർ യുവാക്കളോടൊത്തു കൂടിച്ചേരുമ്പോൾ യുവത്വത്തിന്റെ വീരഗർജ്ജനത്തിലൂടെ അവരുടെ ഇടറിയ സ്വരവും ഉയർന്നു മുഴങ്ങി: സാമ്രാജ്യം നശിക്കട്ടെ! അതുമൂലമാണ്. ബ്രിട്ടീഷ് ഏകാധിപത്യത്തെ എതിർത്തു നമ്മുടെ നാവികസോദരന്മാർ പോരാടിയപ്പോൾ നമ്മുടെ തെരുവുകളിൽ കൂടി ഹിന്ദുമുസ്ലീംരക്തം ഒരുപോലൊഴുകിയതും. ഏതായാലും അഖിലേന്ത്യാ പോസ്റ്റൽ പണിമുടക്കത്തിന്റെ പരിപൂർണ്ണവിജയത്തിനായിക്കൊണ്ടു കൽക്കട്ടയിലും ബോംബെയിലും സാധാരണ ജനങ്ങൾ കുതിച്ചുപാഞ്ഞതു നോക്കിയാൽ മതി. അല്ലെങ്കിൽ ഇതാ, ശിലാസദൃശമായ ദൃഢതയോടെ കാഷ്മീർ പറയുന്നതു കേൾക്കണം:- ക്വിററ് ഇൻഡ്യാ: ക്വിററ് കാഷ്മീർ!

ഇന്നെവിടെയും ഈ പുതിയ ഒഴുക്കിന്റെ ശക്തികൂടിവരികയാണ്. തൊഴിലാളികളുടെയും കർഷകരുടെയും സാധാരണ ജനങ്ങളുടെയും ഏകോപിച്ചുള്ള വിപ്ലവപരമായ ഒഴുക്ക് വിപ്ലവോന്മുഖരായ ജനശക്തി മാത്രമാണു് അന്നു ഒരു ദിവസം ബംഗാൾ നിയമസഭാമന്ദിരത്തിൽ ഒരു കൊടുങ്കാററു വീശിപ്പിച്ചതു്, * "ഏയിൻ സഭാ, സന്തൃൺ, സന്തൃൺ! രാജബന്ധിതർ മുക്തിദായോ!" എന്നു മുറവിളി കൂട്ടിക്കൊണ്ട് അങ്ങനെ അനേകനാളായി അടഞ്ഞുകിടന്നിരുന്ന അവിടത്തെ കാരാഗൃഹകവാടങ്ങൾ തുറക്കപ്പെട്ടു.

അവരെ, നമ്മുടെ സഹോദരങ്ങളെ, നാടിനു വേണ്ടി രക്തം ചൊരിഞ്ഞു കഷ്ടപ്പെട്ട ആ പ്രിയ സഖാക്കളെ, നമ്മിൽനിന്നകറ്റി നിറുത്തുവാൻ ഇനി കഴിവാർക്കുമില്ല. പതിനാറിൽപരം വർഷങ്ങൾക്കുശേഷം അവർ നമ്മുടെ ഇടയിലേക്കു വരുന്നു! ലോകമറിഞ്ഞതിൽവച്ചു ആഴമേറിയ സ്നേഹാദ

* നിയമസഭാംഗങ്ങളേ, ഇങ്ങോട്ടു ശ്രദ്ധിക്കുവിൻ! രാഷ്ട്രീയതടവുകാരെ വിട്ടയക്കുവിൻ.

## വിഷയവിവരം


1 കല്പനാദത്ത്-വിവർത്തകൻ- കെ. പി. എസ്.
2 ധനശാസ്ത്രത്തിന്റെ ഘടകങ്ങൾ —കെ. ദാമോദരൻ.
3 സംശയഗ്രസ്തൻ (ചെറുകഥ) ആൻറൺ ചെക്കോവ്വ്.
4 ആ നിലക്കയിൽ (സ്മരണകൾ) ചങ്ങമ്പുഴ.
5 'സംഗീതമപി...' —പി. ഏ. പരമേശ്വരൻനായർ.
6 രജനി പാമിദത്ത് —എൻ. വി. ശങ്കരൻകുട്ടിവാര്യർ
7 സാമ്പത്തികശാസ്ത്രത്തിലൂടെ —കെ. സുരേന്ദ്രൻ.
8 സ്വാതന്ത്ര്യസ്നേഹികളോട് -സി. കേശവൻ.



പ്രസന്നകേരളം
(ദേശീയവാരിക)
പുസ്തകം 18 ലക്കം 21
12 പേജ് -സെ. 22- വില 2 ണ.
പത്രാധിപർ—സി. ജെ. തോമസ്.

കെ. ദാമോദരൻ

# ധനശാസ്ത്രഘടകങ്ങൾ

ഉൽപ്പാദനം, ഉപഭോഗം, വിതരണം, വിനിമയം ഇങ്ങനെ നാലുവിഭാഗങ്ങളായിട്ടാണ് ധനശാസ്ത്രജ്ഞന്മാർ ധനശാസ്ത്രത്തെ വിഭജിക്കാറുള്ളത്. മനുഷ്യന്റെ ആഗ്രഹങ്ങളുടെയും, ആവശ്യങ്ങളുടെയും നിർവഹണത്തിനുതകുന്ന സാമഗ്രികളെ നിർമ്മിക്കുന്നതിന് ഉൽപ്പാദനം എന്നു പറയുന്നു. നിലവിലുള്ള സാമൂഹ്യനിയമങ്ങളനുസരിച്ച് അവയെ പങ്കിടുന്നതിനു വിതരണം. ഇങ്ങനെ പങ്കിട്ടതു് കൈമാററം ചെയ്യുന്നതിനു വിനിമയം. ആവശ്യക്കാർ അതിനെ ഉപയോഗിക്കുന്നതിന് ഉപഭോഗം.

ഉൽപ്പാദനവും ഉപഭോഗവും

ഉപഭോഗത്തോടുകൂടി ധനശാസ്ത്രത്തിന്റെ പരിധിയെത്തിയെന്നോ, ഉൽപ്പാദനവും ഉപഭോഗവും ധനശാസ്ത്രത്തിന്റെ പരസ്പരബന്ധമില്ലാത്ത രണ്ടു വ്യത്യസ്തശാഖകളാണെന്നോ വിചാരിക്കരുതു്. ഉൽപ്പാദനവും ഉപഭോഗവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളതു്. ഇന്നത്തെ സമുദായത്തിൽ ഉൽപ്പാദനത്തിനുവേണ്ടിയുള്ള ഉപഭോഗവും ഉപഭോഗത്തിനുവേണ്ടിയുള്ള ഉല്പാദനവുമുണ്ട്. ഉൽപ്പാദിപ്പിച്ച ചരക്കുകളെ പുതിയ ഉൽപ്പാദനമുറക്കുവേണ്ടി ഉപയോഗിക്കാറുണ്ട്. (ഉദാ: ഇരുമ്പുകൊണ്ടുള്ള ഉപകരണങ്ങൾ) ഉൽപ്പാദനത്തിനാവശ്യമായ പ്രയത്നശക്തിയുടെ നിലനിൽപ്പിനു് — തൊഴിലാളികളുടെ ജീവിതനിർവഹണത്തിനു് — ഉപഭോഗം ആവശ്യമാണ്. അപ്പോൾ, ഉൽപ്പാദനത്തെയും സഹായിക്കുന്നു. മറെറാരു വിധത്തിൽ പറഞ്ഞാൽ, ഉൽപ്പാദനവും ഉപഭോഗവും ഒരേ സാമ്പത്തികജീവിതത്തിന്റെ രണ്ടു ഭാഗങ്ങൾ മാത്രമാണ്.

ഉൽപ്പാദനവും വിതരണവും

ഉൽപ്പാദനം നടത്തണമെങ്കിൽ നിലം, ഫാക്ടറി, യന്ത്രങ്ങൾ അസംസ്കൃതപദാർത്ഥങ്ങൾ എന്നീ ഉൽപ്പാദനസാമഗ്രികൾ ആവശ്യമാണ്. എന്നാൽ മനുഷ്യന്റെ പ്രയത്നം ഉൽപ്പാദനസാമഗ്രികളിൽ ചെലുത്തുമ്പോൾ മാത്രമാണ് ഉൽപ്പാദനമാരംഭിക്കുന്നതു്.

ഇന്നത്തെ സമുദായത്തിൽ, മുതലാളിത്ത സമുദായത്തിൽ, ഉൽപ്പാദനസാമഗ്രികളുടെ ഉടമസ്ഥന്മാരായ മുതലാളികളാണ് ഉൽപ്പാദനത്തെ നിയന്ത്രിക്കുന്നതു്. ഉൽപ്പാദനസാമഗ്രികളുടെ മേൽ യാതൊരധികാരവുമില്ലാത്ത തൊഴിലാളികൾ തങ്ങളുടെ പ്രയത്നശക്തി വില്ക്കുവാൻ നിർബന്ധരായിത്തീരുന്നു. മുതലാളികൾ തൊഴിലാളികളുടെ പ്രയത്നശക്തി വാങ്ങുകയും ഉൽപ്പാദിപ്പിച്ച ചരക്കുകളുടെ ഒരു ഭാഗം അവർക്കു കൂലിയായി കൊടുക്കുകയും ചെയ്യുന്നു. മറേറ ഭാഗം മുതലാളികൾക്കുള്ളതാണ്. ഇതിനാണ് വിതരണമെന്നു പറയുന്നതു്. ഉൽപ്പാദനത്തിന്റെ വിവിധഘടകങ്ങൾ — ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥനായ മുതലാളിയും അദ്ധ്വാനിക്കുന്ന തൊഴിലാളിയും — ഏതുതോതിലാണ് ഉല്പന്നങ്ങളെ ഭാഗിച്ചെടുക്കുന്നതെന്നും ഈ വിഭജനത്തിനടിസ്ഥാനമായ നിയമങ്ങളെന്തെല്ലാമാണെന്നും വിതരണത്തിന്റെ ധനശാസ്ത്രത്തിൽ പ്രതിപാദിക്കുന്നു. വിതരണമെന്നു വെച്ചാൽ ഉല്പാദിപ്പിച്ചുകഴിഞ്ഞ ചരക്കുകളുടെ വിതരണം മാത്രമാണെന്നും തെററിദ്ധരിച്ചുപോകരുതു്. ചരക്കുകളുടെ ഉൽപ്പാദനത്തിനുമുമ്പുതന്നെ ഉൽപ്പാദനസാമഗ്രികളുടെ വിതരണം നടന്നുകഴിഞ്ഞിരിക്കണം. സമുദായത്തിലെ അംഗങ്ങൾ ഉൽപ്പാദനത്തിന്റെ വിവിധഘടകങ്ങളായി വിഭജിക്കപ്പെട്ടുകഴിഞ്ഞിരിക്കണം. ഉൽപാദനസാമഗ്രികളുടെ ഉടമസ്ഥന്മാരായ മുതലാളികൾ ആ ഉൽപാദനസാമഗ്രികളിൽ പ്രയത്നമർപ്പിച്ചുകൊണ്ടു ചരക്കു നിർമ്മിക്കുന്നു. തൊഴിലാളികൾ — ഇത്തരമൊരു വിതരണത്തിന്റെ അടിസ്ഥാനത്തിന്മേൽമാത്രമാണ മുതലാളിത്തസമുദായത്തിൽ ഉൽപാദനം നടക്കുന്നതു്.

ഉൽപാദനവും വിനിമയവും

ഉൽപാദിപ്പിച്ചുകഴിഞ്ഞ ചരക്കുകളുടെ കൊള്ളക്കൊടുക്കലുകൾ വിനിമയം എന്നു പറയുന്നു. ഇന്നത്തെ സമുദായത്തിൽ സ്വന്തം ആവശ്യത്തിനു വേണ്ടിയല്ല, വിനിമയത്തിനു വേണ്ടിയാണു ചരക്കുകൾ ഉൽപാദിപ്പിക്കുന്നതു. എല്ലാ ഉൽപാദകന്മാരും ഒരേ സാധനം തന്നെ ഉണ്ടാക്കാൻ തുടങ്ങിയാൽ വിനിമയം നടക്കയില്ല. വിനിമയം നടക്കണമെങ്കിൽ വിവിധ ഉൽപാദകന്മാർ വിവിധ സാമഗ്രികൾ ഉൽപാദിപ്പിക്കണം. അതിനു പ്രയത്നവിഭജനംകൂടിയേ കഴിയൂ.

വിനിമയത്തിന്റെ സ്വഭാവം ഉൽപാദനത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. ഉൽപ്പാദനരീതിയിലുണ്ടാകുന്ന മാററങ്ങൾ വിനിമയസമ്പ്രദായത്തിലും മാററമുണ്ടാക്കുന്നതാണു. അപ്പോൾ ഉൽപാദനവും വിനിമയവും പരസ്പരബന്ധപ്പെട്ടിരിക്കുന്നു.

ഇതുപോലെതന്നെ വിനിമയവും വിതരണവും തമ്മിലും അടുത്തബന്ധമുണ്ടെന്നു കാണാം. ലാഭം, കൂലി, വാടക, പലിശ മുതലായ സാമൂഹ്യസ്വത്തുക്കളെ വിതരണം ചെയ്യുന്നതിന്റെ തോതു് വിനിമയത്തെ ബാധിക്കുന്നതാണ്. കൂലിയുടെ തോതു് വളരെയധികം കുറഞ്ഞുപോകുകയാണെങ്കിൽ, അല്ലെങ്കിൽ ചരക്കുകൾ വാങ്ങാനാഗ്രഹിക്കുന്നവർ തീരെ നിർദ്ധനരായിത്തീരുകയാണെങ്കിൽ വിനിമയത്തിനു കോട്ടംതട്ടുമെന്നു പറയേണ്ടതില്ലല്ലോ.

ഇങ്ങനെ ഉൽപാദനം, ഉപഭോഗം, വിതരണം, വിനിമയം- സാമ്പത്തികജീവിതത്തിന്റെ ഈ നാലു ഘടകങ്ങൾ പരസ്പരബന്ധപ്പെട്ടും പരസ്പരമാശ്രയിച്ചുമാണു കിടക്കുന്നതു്.

---

ങ്ങളെല്ലാട നാമവയെ അഭിവാദ്യം ചെയ്യുന്നു.

നാടെങ്ങുമൊരു നവശക്തി വ്യാപിച്ചുകഴിഞ്ഞു. ജനങ്ങളാകെ വിപ്ലവോന്മുഖമായ ഒരു ഗതിവിശേഷമവലംബിച്ചിരിക്കുകയാണ്. നമ്മുടെ ജനതയുടെ തിളച്ചുമറിയുന്ന രക്തത്തിലുള്ളതു ആ ഏപ്രിൽ പതിനെട്ടിന്റെ പ്രസരിപ്പാണ്.

സാമ്രാജ്യത്തിന്റെ മുന്നിൽ മുട്ടുകുത്തിനിന്നു ഇരന്നിട്ടു ലഭിക്കുന്ന സ്വാതന്ത്ര്യത്തെ ഇച്ഛിക്കുന്നവരല്ല ഇന്നാട്ടിലെ ജനങ്ങൾ ഇനിമേലിൽ.

നൂററാണ്ടുകളായുള്ള അടിമത്തത്തിന്റെ അവമാനത്തെ തുടച്ചുനീക്കി സ്വാതന്ത്ര്യനവയുഗത്തെ ഉൽഘാടനം ചെയ്യുന്ന പരിപൂർണ്ണവിജയത്തിനുള്ള അവസാനസമരയാത്രയിൽ തങ്ങളെ നയിക്കുവാൻ ബംഗാളിലെ അതിവിപ്ലവവീരന്മാരിലൊരാൾ എല്ലാപേരും ആകാംക്ഷയോടെ നോക്കിയിരിക്കുകയാണിന്നു്. (വിവർത്തകൻ കെ പി എസ്സ്)

---


# ൫00 ക.

# സമ്മാനം

| | | |
|---|---|---|
| | | 49 |
| | 50 | |
| 51 | | |

ഇതിൽ ടടുള്ള അക്കങ്ങൾ (ഓരോന്നും ഒരു പ്രാവശ്യം മാത്രം) ഉപയോഗിച്ച് ഏതുവശത്തേക്കു കൂട്ടിയാലും 150 കിട്ടത്തക്കവണ്ണം കള്ളികൾ പൂരിപ്പിക്കുക. നമ്മുടെ ഭാരത് ഇൻസ്റ്റിററ്യൂട്ടിൽ സീൽവച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനൊപ്പം പരിപ്പിച്ചയയ്ക്കുന്നവർക്കു 350 ക. യും ഒരു തെററുകാർക്കു 150 ക. യും സമ്മാനം. ഒരാൾക്കു് ഒന്നിലധികം സമ്മാനം കിട്ടുന്നതല്ല. സമ്മാനാർഹർ ഒന്നിലധികമെങ്കിൽ തുക വീതിക്കും. ഫീസ് ഉത്തരത്തിനു 1 ക. യും കൂടുതൽ ഓരോന്നിനും 4 ണ. വീതവും മണിയോർഡർ ചെയ്ത രസീതും വിലാസവും ഉത്തരമൊന്നിച്ച് കന്നി 29-ാംനു- വരെ സ്വീകരിക്കും. ഫലം തുലാം 10-ാംനു- അറിയിക്കും. N.B. ആദ്യം കിട്ടുന്ന ശരിയായ ഉത്തരത്തിനു ഒരു ഫൌണ്ടൻപെൻ കൂടി വിശേഷാൽസമ്മാനിക്കും.

മാനേജർ, S. N. V. പ്രസ്സ്. No 7 B. വൈക്കം A O & P O

## ആന്റൺ ചെക്കോവ്

# സംശയഗ്രസ്തൻ

(വിവ: കെ. എ. ജബ്ബാർ)

ഉയരം കൂടി വിസ്തൃതമായ മാർവ്വിടത്തോടും ഗംഭീരമായ മുഖഭാവത്തോടും കൂടിയ ഒരു യുവാവാണ് 'മാക്സിം കുസ്മിച്ച് സാലിട്ടോവ്' ഒരു കായികാഭ്യാസിയുടേതുപോലെ സുദൃഢമായതാണ് അയാളുടെ ശരീരഘടന. കായിക ശക്തിയാകട്ടെ അജയ്യവും. ഒരേ സമയത്ത് ഇരുപതു ഇരുമ്പു കമ്പികൾ വളയ്ക്കുവാനോ, ഒരു ചെറിയ വൃക്ഷം കടപുഴക്കി വീഴ്ത്തുവാനോ, വലിയ ഒരു ഭാരം പല്ലുകൾ കൊണ്ടു ഉയർത്തുവാനോ അയാൾ അത്രയൊന്നും ആയാസപ്പെടേണ്ടതില്ല. അയാളുമായി മുഷ്ടിയുദ്ധത്തിന്നേർപ്പെടുവാൻ ധൈര്യമുള്ള ഒരൊറ്റ വ്യക്തിപോലും ഈ ഭൂതലത്തിന്മുകളിലുണ്ടാവുകയില്ലെന്ന സത്യം ചെയ്യാം. അയാൾ അതീവ ധൈര്യശാലിയും കർമ്മധീരനുമാണ്. എല്ലാവരും അയാളെ ഭയപ്പെട്ടു. അയാൾ രോഷാകുലനാവുമ്പോൾ ആളുകളെല്ലാം ഭയപ്പെട്ടു വിളറിയിരുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും അയാൾ ഹസ്തദാനം ചെയ്യുമ്പോൾ അവർ ചൂളിപ്പോവുകയും മുഖം അരുണമാവുകയും ചെയ്യും. എന്തെന്നാൽ അത്ര മാത്രം വേദനാജനകമായിരിക്കും. അയാളുടെ നേർത്ത സുഖകരമായ ശബ്ദം ശ്രവിക്കുന്നതിനു മുമ്പു തന്നെ അയാൾ നിങ്ങളെ ബധിരരാക്കിക്കളയും..... .... അജയ്യനായ ഒരു മനുഷ്യൻ! അയാളെപ്പോലെ മറ്റൊരു വ്യക്തിയെ ഞാനറിയുകയില്ല.

എന്നാൽ ഈ അജാനബാഹുവും, അരോഗദൃഢഗാത്രനും സുശക്തനുമായ മനുഷ്യന് യാതൊരു വിധ കരളുറപ്പുമില്ലെന്നു മനസ്സിലായത്, അയാൾ "എലീനാ ഗേഴ്‌ട്ടിലേവ്‌ന" യോടു തന്റെ ഇംഗിതം തുറന്നു പറയാൻ ഉദ്യമിച്ചപ്പോഴാണ്. അയാൾ അടികൊണ്ട ഒരെലിയെപ്പോലെ ചൂളിപ്പോയി. കുസ്മിച്ച് വിളറി വിവശനായി വിറച്ചുകൊണ്ട് വളരെ ആയാസപ്പെട്ടു ഞാൻ ഭവതിയെ സ്നേഹിക്കുന്നു എന്നു പ്രസ്താവിച്ചപ്പോൾ അയാൾക്കു ഒരു കസേര കൂടി പൊക്കുവാനുള്ള ശക്തിയുണ്ടായിരുന്നില്ല. അയാളുടെ ശക്തി ക്ഷയിക്കുകയും ഗംഭീരാകാരം ശൂന്യമായ ഒരു വസ്തുവായി പരിണമിക്കുകയും ചെയ്തു.

മാക്സിം എലീനയെ സ്കേറ്റിങ്ങിനു വേണ്ടി ക്ഷണിച്ചു. എലീന, ഒരു തൂവലിന്റെ ലാഘവത്തോടു കൂടി ഹിമക്കട്ടകളുടെ ഉപരിതലത്തിൽ കൂടി പാഞ്ഞു നടന്നു. മാക്സിം വിറച്ചു, പരവശനായി ഏതാണ്ട് ഒരർദ്ധപ്രജ്ഞനെപ്പോലെ അവളെ പിന്തുടർന്നു. അയാളുടെ മുഖത്തു ദുരിതത്തിന്റെ ഛായ നിഴലിച്ചിരുന്നു.........അയാളെ അവൾ നിരസിക്കുമെന്നുള്ള ഭയം കൊണ്ടാണോ ഇത്രമാത്രം ഭയപ്പെടുന്നത്? ഒരിക്കലുമില്ല. എലീന അയാളെ സ്നേഹിക്കുകയും അയാളുടെ സാമീപ്യത്തിനു വേണ്ടി അനവരതം കേണു കൊണ്ടിരിക്കുകയുമാണ്. ആ കൊച്ചു മനോഹരി അക്ഷമയായി ആ ശുഭമുഹൂർത്തത്തെയും പ്രതീക്ഷിച്ചിരിക്കുകയാണ്.........മാക്സിമിനു മുപ്പതു വയസ്സായി. അയാളുടെ നില അത്രയൊന്നും ഉയർന്നതല്ല. അയാളൊരു ധനവാനുമല്ല. എന്നാൽ അയാൾ സുമുഖനും രസികനും ബലിഷ്ഠനുമാണ്. അയാളൊരൊന്നാന്തരം നൃത്തകലാനിപുണനാണ്. നീളം ചാടുന്നതിൽ അയാളെ വെല്ലുവാൻ അധികംപേർക്കും കഴികയില്ല. ഒരിക്കൽ മാക്സിമും എലീനായൊന്നിച്ചു നടന്നുപോകുമ്പോൾ, ഒരിംഗ്ലീഷ് പന്തയക്കുതിരക്കുകൂടി അസാദ്ധ്യമായ ഒരു കുണ്ട് അയാൾ ചാടിക്കടന്നു.

**ചെറുകഥ**

അത്തരത്തിലുള്ള ഒരു വ്യക്തിയെ സ്നേഹിക്കാതിരിക്കുവാൻ ഒരാൾക്കും കഴികയില്ല.

അവൾതന്നെ സ്നേഹിക്കുന്നുണ്ടെന്നു മാക്സിം അറിഞ്ഞു. അയാൾക്കതിൽ തരിമ്പും സംശയമുണ്ടായില്ല. എന്നാൽ അയാൾ ഒരേ ഒരു വിചാരംമൂലം ദുഃഖമനുഭവിച്ചുകൊണ്ടിരുന്നു. ഒരു ചിന്ത അയാളുടെ മസ്തിഷ്കത്തെ കരണ്ടു തിന്നുകയും കരയിപ്പിക്കയും തിന്നുന്നതിൽനിന്നും കുടിക്കുന്നതിൽനിന്നും ഒഴിപ്പിച്ചുനിർത്തുകയും ചെയ്തു. അതേവിചാരം അയാളുടെ ജീവിതത്തിൽ കയ്പുള്ളതാക്കി അയാൾ അവളെ സ്നേഹിക്കുന്നുണ്ടെന്നു ചിന്തിക്കുന്ന അതേനിമിഷത്തിൽ അയാളുടെ തലച്ചോറിനു ചൂടുപിടിക്കുകയും തലയുടെ ഇരുഭാഗങ്ങളും വേദനിക്കുകയും ചെയ്യും.

നീ എന്റെ ഭാര്യയായിരിക്കുമോ? മാക്സിം എലീനയോടു ചോദിച്ചു.

ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. അഗാധമായി സ്നേഹിക്കുന്നു.!

എന്നാൽ ആ സമയത്ത് അയാൾ ചിന്തിച്ചു.

അവളുടെ ഭർത്താവാകാനുള്ള അവകാശം എനിക്കുണ്ടോ? എന്റെ വംശത്തെപ്പറ്റി അവളറിഞ്ഞുപോയാൽ ആരെങ്കിലും അവളോട് എന്റെ പൂർവ്വചരിത്രം പറഞ്ഞുകൊടുത്താൽ അവളെന്റെ ചെവിക്കു പിടിക്കും. നാണംകെട്ടതും നിർഭാഗ്യവുമായ ഒരു പൂർവചരിത്രം! ധനികയും വിദ്യാസമ്പന്നയും സംസ്കാര ഹൃദയയുമായ അവൾ, ഞാനെന്തു തരക്കാരനാണെന്നറിഞ്ഞാൽ എന്നെ ശപിച്ചുകളയും.

എലീന അയാളുടെ ഗളത്തിൽ കൈ ചുറ്റി അയാളെ പ്രേമിക്കുന്നുവെന്നു പറഞ്ഞപ്പോഴും അയാൾക്കു തീരെ സന്തോഷം തോന്നിയില്ല. ആ ഒരു ചിന്ത സർവ്വസംഗതിയിലും വിഷം ചെലുത്തി. സ്കേറ്റിങ്ങ്, കഴിച്ച് പോരുമ്പോൾ അധരങ്ങൾ കടിച്ചുമർത്തിക്കൊണ്ട് അയാൾ ചിന്തിച്ചു.

ഞാനൊരു തെമ്മാടിയാണ്. ഞാനൊരു വിശ്വസ്തനായിരുന്നുവെങ്കിൽ എല്ലാകാര്യവും അവളോടുപറയുമായിരുന്നു. വിവാഹക്കാര്യം പ്രസ്താവിക്കുന്നതിനുമുമ്പ്, എന്റെ സ്വകാര്യങ്ങളെല്ലാം അവളോടു പറയേണ്ടതായിരുന്നു. എന്നാൽ ഞാനതു ചെയ്തില്ല. അതുകൊണ്ട് ഞാനൊരു തെമ്മാടിയും കൊള്ളരുതാത്തവനുമായി.

എലീനയുടെ മാതാപിതാക്കൾ മാക്സിമുമായിട്ടുള്ള അവളുടെ വിവാഹത്തിന് അനുമതി നൽകി. അവർ ആ കായികാഭ്യാസിയെ ഇഷ്ടപ്പെട്ടു. മാക്സിം ആദരവോടുകൂടിയവനും ഒരു നല്ല ഗവർമ്മെണ്ടുദ്യോഗസ്ഥനാകുവാൻ അവകാശമുള്ളവനുമാണ്. എലീനയ്ക്ക് ഏഴാം സ്വർഗ്ഗാനുഭൂതിയുണ്ടായി. പക്ഷെ എന്തുതന്നെ യായാലും ആ പാവപ്പെട്ട കായികാഭ്യാസി സന്തോഷത്തിൽനിന്നും വളരെ വിദൂരത്തിലാണ് സ്ഥിതിചെയ്തിരുന്നത്. വിവാഹദിനംവരെ ആ ഒരു ചിന്ത അയാളെ അലട്ടിക്കൊണ്ടിരുന്നു. ............

മാക്സിന്റെ പൂർവ്വചരിത്രമറിയുന്ന ഒരു സ്നേഹിതൻ അയാളെ സദാ ഉപദ്രവിച്ചുകൊണ്ടിരുന്നു. മാക്സിമിന്റെ ശമ്പളം മുഴുവൻ അയാൾക്കു കൊടുക്കുവാൻ നിർബന്ധിതനായി.

എന്നെ ഹെർമിറ്റേജിൽനിന്നു ഉച്ചഭക്ഷണം കഴിപ്പിക്കുവാൻ അനുവദിക്കണം, സ്നേഹിതൻ മാക്സിമിനോടു പറഞ്ഞു. അല്ലെങ്കിൽ ഞാൻ എല്ലാവരോടും പറയും. .. ഇരുപത്തഞ്ചു റൂബിൾസും കൂടി എനിക്കു കടം തരണം.

പാവപ്പെട്ട മാക്സിം മെലിഞ്ഞു കൃശനായി. അയാളുടെ കവിളിണകൾ ഒട്ടി. മുഷ്ടികളുടെ ബലമെല്ലാം പമ്പകടന്നു. ആ ചിന്ത അയാളെ സുഖക്കേടുകാരനാക്കി. സ്നേഹസമ്പന്നയായ ആ യുവതിയല്ലെങ്കിൽ മാക്സിം സ്വയം വെടിവെച്ചു ആത്മഹത്യചെയ്യുമായിരുന്നു. ..

ഞാനൊരു കൊള്ളരുതാത്തവനും തെമ്മാടിയുമാണ്. മാക്സിം സദാ ചിന്തിച്ചുകൊണ്ടിരുന്നു. വിവാഹത്തിനു മുമ്പു എനിക്കു സർവ്വതും അവളോടു പറയണം. അവളെന്നെ തിര

സ്ക്കരിച്ചുകൊള്ളട്ടെ!

എന്നാൽ മാക്സിം വിവാഹത്തിനു മുമ്പു അവളോടു യാതൊന്നും പറഞ്ഞില്ല. അയാൾക്കു അതിനുള്ള ധൈര്യമുണ്ടായില്ല.

മാക്സിം തന്റെ പൂർവചരിത്രം എലിനയോടു വെളിപ്പെടുത്തിയതിനു ശേഷം സ്നേഹമൂർത്തിയായ ആ പെൺമണിയെ വിട്ടുപിരിയേണ്ടതിനെക്കുറിച്ചു ചിന്തിച്ചപ്പോൾ മരണത്തെ ചിന്തയെക്കാളും ഭയങ്കരമായിരുന്നു അയാൾക്കു തോന്നി.

വിവാഹദിനം ആഗതമായി. വിവാഹാനന്തരം നവദമ്പതികൾ അതിഥികളുടെ അഭിനന്ദനങ്ങൾ സ്വീകരിച്ചു. അവരുടെ അളവററ സന്തോഷത്തിൽ അതിഥികൾ അൽഭുതാധീനരായി. പാവപ്പെട്ട മാക്സിം, അഭിനന്ദനങ്ങൾ സ്വീകരിക്കുകയും, കുടിക്കുകയും, നൃത്തം ചെയ്യുകയും, ചിരിക്കുകയും ചെയ്തുവെങ്കിലും, ഭയങ്കരമായ അസുഖത്തിന്നധീനനായിക്കാണപ്പെട്ടു.

ഞാനൊരു മൃഗമാണ്; എന്തുതന്നെയായാലും എന്റെ സർവശക്തികളും സംഭരിച്ചു് അതു വെളിപ്പെടുത്തും. ഞങ്ങൾ വിവാഹിതരായെങ്കിലും അതിനു മാത്രം സമയം അതിക്രമിച്ചിട്ടില്ല. ഇപ്പോഴും ഞങ്ങൾക്കു പിരിഞ്ഞുപോകാം.

ചിരപ്രതീക്ഷിതമായ മണിക്കൂർ ആസന്നമാകുകയും നവദമ്പതികൾ മണിയറയിൽ പ്രവേശിക്കുകയും ചെയ്തപ്പോൾ മാക്സിമിന്റെ മനഃസാക്ഷിയും സത്യസന്ധതയും വിജയിക്കുകതന്നെ ചെയ്തു.... വിളറി വിറച്ചു് ശ്വാസോച്ഛ്വാസം ചെയ്യുവാൻ ആയാസപ്പെട്ടുകൊണ്ടും തങ്ങളുടെ ബന്ധത്തെ പാടെ വിസ്മരിച്ചുകൊണ്ടും മാക്സിം അവളുടെ സമീപമണഞ്ഞു ഹസ്തങ്ങളിൽ പിടികൂടിക്കൊണ്ടു പറഞ്ഞു.

നമ്മൾ അന്യോന്യം സഹകരിക്കുന്നതിനു മുമ്പിൽ.... എനിക്കു്.... ചിലതു പറയുവാനുണ്ടു്....

എന്താണു സംഗതി, മാക്സ്? നിങ്ങൾ വിളറിയിരിക്കുന്നുവല്ലോ. കുറച്ചുദിനങ്ങളായിട്ടു നിങ്ങൾ വിളറി മൂകനായിത്തന്നെ കാണപ്പെടുന്നു. നിങ്ങൾക്കു വല്ല സുഖക്കേടുമുണ്ടോ?

എനിക്കു.... നിന്നോടു എല്ലാം പറയേണ്ടിയിരിക്കുന്നു. ഡോളിയാ നമ്മൾക്കിവിടെ ഇരിക്കാം. ഞാൻ നിന്നെ അൽഭുതപരതന്ത്രയാക്കുവാൻ പോകുകയാണ്; വിഷം കുത്തി നിറക്കുവാൻ പോകയാണ്.... പക്ഷേ ഞാനെന്തു ചെയ്യട്ടെ? കടമ എല്ലാത്തിന്റെയും മുമ്പിൽ വന്നു നിൽക്കുകയാണ്. എന്റെ പൂർവചരിത്രം ഒന്നൊഴിയാതെ നിന്നോടു പറയാം.

ഡോളിയാ, നയനങ്ങൾ വിടർത്തി മന്ദഹസിച്ചു.

നല്ലതു് എന്നോടതു പറയൂ.... ദയവുചെയ്തു വിറക്കാതെ ആകുന്നവേഗം പറഞ്ഞുതീർക്കണം.

“ഞാ.... ഞാൻ.... ജനിച്ചതു ഡാം-— ഡാം-ബോവിലാണു്........ എന്റെ മാതാപിതാക്കൾ അപ്രസിദ്ധരും ദാരിദ്ര്യത്തിന്റെ പല്ലിപ്പടി കണ്ടവരുമാണ്. ഞാനെന്തു തരക്കാരനാണെന്നു നിന്നോടു പറയാം. നീ ഭയപ്പെട്ടു വിറച്ചുപോകും. നിനക്കറിയാമോ.... ഞാനൊരു യാചകനായിരുന്നു. കുട്ടിയായിരുന്നപ്പോൾ ഞാൻ അപ്പിൾസും സബർജല്ലും വിററു നടക്കുകയായിരുന്നു .... ....”

നിങ്ങൾ അങ്ങനെ ചെയ്യോ?

നീ ഭയപ്പെടുന്നോ? എന്നാൽ, ഓമനേ അതു് അത്രയൊന്നും ഭയങ്കരമല്ല, ഓ ഞാനെത്ര നികൃഷ്ടനാണു്. നീ അതുകൂടി അറിയുമ്പോൾ എന്നെ ശപിച്ചുകളയും.

എന്താണതു്?

ഇരുപതു വർഷങ്ങളായിട്ടു.... ഞാൻ.... ഞാൻ.... എനിക്കു മാപ്പു തരൂ. എന്നെ ഉപേക്ഷിക്കരുതേ.... ഞാൻ, ഒരു സർക്കസ്സിലെ ബഫൂണായിരുന്നു.

നിങ്ങൾ ഒരു ബഫൂണായിരുന്നുവെന്നോ? മാക്സിം, ഒരു ചെവിക്കു തിരുമ്മൽ പ്രതീക്ഷിച്ചിരുന്നതുകൊണ്ടു് ഇരുകൈകൾകൊണ്ടും മുഖം പൊത്തിക്കളഞ്ഞു. അയാൾ മിക്കവാറും പ്രജ്ഞയററുപോകത്തക്ക നിലയിലായിത്തീർന്നു.

നിങ്ങൾ ഒരു ബഫൂണായിരുന്നുവെന്നോ? ഡോളിയ സോഫയിലേക്കു ചാരിവീണു; പിന്നീടു ചാടിയെഴുന്നേററു് ഒരൊററ ഓട്ടം.

അവൾക്കെന്തു പററി? അവൾ ഉദരത്തെ അമർത്തിപ്പിടിച്ചു് ഹിസ്റ്റീറിയ പിടിച്ചപോലെ മുറിമുഴുവൻ ഓടിനടന്നു പൊട്ടിച്ചിരികളാകുന്ന വെൺമുത്തുകൾ വിതറുവാൻ തുടങ്ങി.

ഹാ....ഹാ....ഹാ!....നിങ്ങൾ ഒരു ബഫൂണായിരുന്നു! നിങ്ങൾ? മാക്സിം! എന്തെങ്കിലുമൊന്നു കാണിക്കൂ! നിങ്ങളൊരു ബഫൂണായിരുന്നുവെന്നു തെളിയിക്കൂ! ഹാ! ഹാ! മാക്സിം!

എലീന മാക്സിമിന്റെ നേക്കണഞ്ഞു് അയാളെ കെട്ടിപ്പിടിച്ചു.

എന്തെങ്കിലുമൊന്നു കാണിക്കൂ അത്മനാഥാ!

നിർഭാഗ്യയായ പെൺകുട്ടീ! നീ ചിരിക്കുന്നു; നീ എന്നെ പഴിക്കുകയാണ്.

എന്തെങ്കിലും കാണിക്കൂ; നിങ്ങളൊരു ചാട്ടവ്യാപാരികൂടിയായിരുന്നോ?

എലീന, ഭർത്താവിന്റെ മുഖമാസകലം ചുംബനങ്ങൾകൊണ്ടു നിറച്ചു; അവൾ അയാളെ കിക്കിളിയാക്കി; ആലിംഗനം ചെയ്തു. അവൾക്കു തരിമ്പും വിദ്വേഷമുള്ളതായി തോന്നിയില്ല. മാക്സിമിനു് ആ സംഗതി വിചാരിക്കുവാൻപോലും കഴിഞ്ഞില്ല. അയാൾക്കും സന്തോഷം തോന്നി. കളത്രത്തിന്റെ ആഗ്രഹങ്ങൾക്കു് അയാൾ കീഴടങ്ങി.

അവർ ശയനത്തിനൊരുങ്ങിയപ്പോൾ മണി മൂന്നടിച്ചു. മാക്സിം, ശയ്യയിൽ തല കുത്തിനിന്നു തന്റെ തമാശ കാട്ടി.

ഹാ, ഹാ; മാക്സ് ഒന്നുകൂടി കാണിക്കൂ.

മാക്സ്, ശയ്യയിൽനിന്നു ചാടി നിലത്തു കൈ കുത്തി നടക്കുവാൻ തുടങ്ങി.

നേരം പുലർന്നപ്പോൾ ഡോളിയായുടെ പിതാക്കൾ വല്ലാതെ അത്ഭുതപ്പെട്ടു.

ആരാണു് മുകളിൽ ഈ വിധം മുട്ടുന്നതു്? അവർ അന്യോന്യം ചോദിച്ചു.....

നവദമ്പതികൾ ഇപ്പോഴും ഉറങ്ങുകയാണ്. വേലക്കാർ തമ്മിൽ കളിക്കുകയായിരിക്കണം. എന്തൊരു തുള്ളിക്കളിയാണിതു്? ആ തേന്മൊഴികൾ!

പാപ്പാഷാ കോവണികയറി മുകളിൽച്ചെന്നു. എന്നാൽ അവിടെ ഭൃത്യന്മാരാരുമുണ്ടായിരുന്നില്ല

അദ്ദേഹത്തിന്റെ അൽഭുതത്തിനു് ശബ്ദം പുറപ്പെട്ടുകൊണ്ടിരുന്നതു് നവദമ്പതികളുടെ മുറിയിൽനിന്നാണു്........ അദ്ദേഹം കുറച്ചു് സമയം കതകിന്നരികെ നിന്നു. തെല്ലൊരു സങ്കോചത്തോടെ കതകു് അൽപ്പം തുറന്നുനോക്കി. അദ്ദേഹം അൽഭുതംകൊണ്ടു ദ്രവിച്ചുപോയി. മാക്സിം വായുവിൽ ചില വേലത്തരങ്ങൾ ആയാസപ്പെട്ടു കാട്ടുകയാണ്. ഡോളിയ സമീപത്തുനിന്നു് ഹർഷമദത്താൽ കയ്യടിക്കുന്നു. ഇരുകൂട്ടരുടെയും മുഖങ്ങൾ അമിതാനന്ദത്താൽ ദീപ്തമായിരിക്കുന്നു!!


## അർശോഹാരലേഹ്യം

ഇതു് അർശസ്സിനും നടുവിനും വയററിലുമുള്ള വേദനയെ ശമിപ്പിക്കുകയും അർശസ്സിൽനിന്നുള്ള രക്തംപോക്ക നിറുത്തുകയും അർശോങ്കുരങ്ങളെ ശോഷിപ്പിക്കുകയും ശരിയായ മലശോധനയുണ്ടാക്കുകയും ചെയ്യുന്നതിനു ഉത്തമമായ ഔഷധമാകുന്നു.

ഏജന്റന്മാരെ ആവശ്യമുണ്ടു്.

റാത്തൽ ഒന്നുക്കു് വില രൂപ 5

കെ.ജി. കൃഷ്ണൻ വൈദ്യൻ

ആയുർവേദ വൈദ്യശാല

കവല, ചങ്ങനാശ്ശേരി

ചങ്ങമ്പുഴ

# ആ നിലക്കയിൽ

## (ഇടപ്പള്ളിയെക്കുറിച്ചുള്ള സ്മരണകൾ)

രണ്ടു വർഷം കഴിഞ്ഞു. രണ്ടാംഫാറത്തിൽ വച്ച് സ്നേഹിതന്മാരായ ഞങ്ങൾ സഹപാഠികൾ കൂടിയായി. പക്ഷേ അന്നത്തെ പരിശുദ്ധവും ഗാഢവുമായിരുന്ന ഞങ്ങളുടെ സൗഹാർദ്ദത്തിനു സാരമായ ഉടവു തട്ടി. മുതിർന്ന വിദ്യാർത്ഥികളുടെ സംഘത്തിൽ പെട്ട ഒരാളായിരുന്നു രാഘവൻപിള്ള; ഞാനാകട്ടെ "മൈനർസംഘ"ത്തിൽ ഉൾപ്പെട്ടവനും. ഇക്കാരണത്താൽ അൽപ്പം മേപ്പെട്ടതാണെങ്കിലും എനിക്കു തീരെ അസഹ്യമായിരുന്ന ഒരധികാരഭാവം രാഘവൻപിള്ള എന്നോടു കാണിച്ചുകൊണ്ടിരുന്നു. കവിതയെഴുത്തിൽ എന്നേക്കാൾ സാമർത്ഥ്യം തനിക്കുണ്ടെന്നുള്ള അദ്ദേഹത്തിന്റെ നാട്യം, അതു സത്യമായിരുന്നാൽപോലും, എനിക്കു സഹിക്കാൻ സാധിച്ചിരുന്നില്ല. ഈ കാരണത്തിന്മേൽ പലപ്പോഴും ഞങ്ങൾ തമ്മിൽ കലഹിച്ചിട്ടുണ്ട്. ഉച്ചയ്ക്കു ഭക്ഷണത്തിനായി വിടുന്ന അവസരത്തിൽ എന്റെ പുസ്തകങ്ങൾ ഒന്നുംതന്നെ ഞാൻ വീട്ടിലേക്കു കൊണ്ടുപോകാറില്ല. ആ പുസ്തകങ്ങളുടെ കൂട്ടത്തിൽ അക്കാലങ്ങളിൽ ഞാൻ എഴുതിക്കൊണ്ടിരുന്ന കവിതകൾ അടങ്ങിയ നോട്ടുപുസ്തകവും ഉണ്ടായിരിക്കും. മദ്ധ്യാഹ്നഭക്ഷണം ആകാശകുസുമമായിരുന്ന ആ സുഹൃത്തിന്റെ ജോലി എന്റെ നോട്ടുപുസ്തകം സ്വന്തത്തിൽ എടുത്തു കവിതകളിലെ തെറ്റു തിരുത്തുകയായിരുന്നു. എനിക്കിതു തീരെ രസിച്ചില്ല. എത്ര വികൃതമാണെങ്കിലും എനിക്ക് എന്റെ തൂവലുകൾ തന്നെയായിരുന്നു ആ ഇളംപ്രായത്തിലും ഇഷ്ടം. "നിങ്ങൾക്ക് എന്റെ പുസ്തകമെടുത്തിട്ടാവശ്യമില്ല; എന്റെ കവിതകളിലെ തെറ്റുകൾ അവിടെയിരുന്നുകൊള്ളട്ടെ; നിങ്ങളുടെ സഹായമൊന്നും എനിക്കാവശ്യമില്ല"—എന്നു തികഞ്ഞ ധാർഷ്ട്യത്തോടെ ഞാൻ പലപ്പോഴും അദ്ദേഹത്തെ താക്കീതു ചെയ്യുകയുണ്ടായി. പക്ഷേ അദ്ദേഹം അതൊന്നും കേട്ട ഭാവംപോലും നടിക്കുകയില്ല. തരംകിട്ടുമ്പോഴെല്ലാം തന്റെ ജോലി നിർബാധം നിർവഹിച്ചുകൊണ്ടിരിക്കും. ഒടുവിൽ കവിതയെഴുത്തുപുസ്തകം ഞാൻ ക്ലാസിൽ കൊണ്ടുവരാതായി. എന്റെ ഈ അനുവർത്തനം അദ്ദേഹത്തെ അരിശംകൊള്ളിച്ചു. പ്രതികാരവാഞ്ഛ അദ്ദേഹത്തെ അന്ധനാക്കി. സ്കൂളിലെ ചട്ടമ്പികളായ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി എന്നെ ഉപദ്രവിക്കുവാൻ തുടങ്ങി.

അക്കാലത്തു ആ ചന്ദനപ്പൊട്ടുകാരന് എന്നോടുള്ള വിരോധം ഒന്നുകൂടി അധികരിക്കുവാൻ ചില സംഭവങ്ങൾ നേരിട്ടു. "കണ്ണുടനമ്പ്യാർ" എന്നു വിളിച്ചുവന്ന വയോധികനായ ഒരാളായിരുന്നു ഞങ്ങളുടെ ക്ലാസ്സിലെ ഗുരുനാഥൻ. അദ്ദേഹത്തിനു തുള്ളൽക്കഥകൾ വലിയ പഥ്യമാണ്. അക്കാലത്തു ഞാൻ വളരെ ഭംഗിയായി പദ്യങ്ങൾ ചൊല്ലുമായിരുന്നു. രാഘവൻപിള്ളയും കഥനത്തിനു മിടുക്കനായിരുന്നുവെങ്കിലും എന്നോളം മധുരമായി ചൊല്ലാൻ സാധിച്ചിരുന്നില്ല. അതിനാൽ പദ്യപുസ്തകങ്ങൾ സാർ എന്നെക്കൊണ്ടാണു മിക്കപ്പോഴും വായിപ്പിക്കുക പതിവ്. ഇക്കാര്യത്തിലും രാഘവൻപിള്ള അസൂയാലുവായി; ഞാൻ അഹങ്കാരിയും. അങ്ങനെ അസൂയയും അഹങ്കാരവും തമ്മിലുള്ള ഭയങ്കരമായ ഒരു പോരാട്ടം ഞങ്ങളുടെ കുരുന്നുജീവിതങ്ങളെ പ്രക്ഷുബ്ധമാക്കുവാൻ തുടങ്ങി. അതു് ഉച്ചാവസ്ഥയിലെത്തിയതു് ആദ്യത്തെ 'പരീക്ഷ'യ്ക്കു ശേഷമാണ്. മലയാളത്തിനു എനിക്ക് അൻപതിൽ മുപ്പത്തിരണ്ടും, രാഘവൻപിള്ളയ്ക്കു ഇരുപത്തേഴും "മാർക്ക്" വീതമാണു കിട്ടിയതു്. പുറമെ ഇംഗ്ലീഷിനും ഞാൻ ക്ലാസ്സിൽ ഒന്നാമനായി. എല്ലാ ക്ലാസ്സിലും അതുവരെ മലയാളത്തിൽ ഏറ്റവും മാർക്ക് കിട്ടിയിരുന്നതു രാഘവൻപിള്ളയ്ക്കായിരുന്നു. ഈ വിധിവൈപരീത്യം ആ സാധുവിനെ ഭ്രാന്തുപിടിപ്പിച്ചു. ചട്ടമ്പികളെ സ്വാധീനത്തിലാക്കി അവരോടൊത്തുചേർന്നു രാഘവൻപിള്ള എന്നെ മർമ്മഭേദകമാംവണ്ണം പരിഹസിക്കാൻ തുടങ്ങി.

എന്റെ മുത്തശ്ശി ഇടപ്പള്ളി കൊട്ടാരത്തിലെ ഒരു വേലക്കാരിയായിരുന്നുവെന്നു ഞാൻ മുൻപൊരിടത്തു സൂചിപ്പിച്ചിട്ടുണ്ടല്ലോ. അക്കാരണത്താൽ അക്കാലത്തു കണക്കിലേറെ പരിഹാസശരങ്ങൾ എന്റെ ഹൃദയമർമ്മങ്ങളെ പിളർന്നിട്ടുണ്ട്. "എച്ചിൽ തീനി" എന്നു വിളിച്ച് അവർ—വിശേഷിച്ചും നമ്മുടെ ചന്ദനപ്പൊട്ടുകാരൻ—എന്നെ എത്ര ദിവസം കരയിച്ചിരിക്കുന്നു! എന്റെ മുത്തശ്ശി അടിച്ചുതളിക്കാരി ആയിരുന്നു എങ്കിലും, എന്റെ വീട്ടിലെ സ്ത്രീകൾ ഉച്ഛിഷ്ടം ഭുജിച്ചിട്ടുണ്ടെങ്കിലും, "അണ്ണാമ്മ" എനിക്കു അവർ ഒരിക്കലും "എച്ചിൽ" തന്നിട്ടില്ല. പക്ഷേ അക്കാലത്ത് എന്റെ പ്രതിയോഗികളോട് ആ പരമാർത്ഥം തുറന്നു പറഞ്ഞു കൊണ്ടു എന്തു പ്രയോജനം? ഞാൻ പലരോടും ആവലാതി പറഞ്ഞു. ഞാൻ എച്ചിൽ തിന്നാറുണ്ടോ എന്നു എന്റെ വീട്ടിൽ ചെന്നന്വേഷിച്ചശേഷം വേണം നിങ്ങളെന്നെപ്പരിഹസിക്കുവാനെന്നു ഞാൻ അവരോടു താണുവീണു യാചിച്ചു. കഷ്ടം എന്തൊരു കഥയില്ലായ്മ; എന്തൊരു ദുരഭിമാനം!- എന്നാലും അന്നു ഞാനതു ചെയ്തു. അവരുടെ കാലു പിടിച്ചർത്ഥിച്ചു. ഒരു പ്രയോജനവുമുണ്ടായില്ല. മാത്രമല്ല, അവരുടെ പരിഹാസവർഷം ഒന്നുകൂടി വർദ്ധിക്കുകയാണുണ്ടായതു്. ആ വക പരിഹാസങ്ങൾക്കു കനവും മൂർച്ചയും കൂട്ടാൻ നമ്മുടെ ചന്ദനപ്പൊട്ടുകാരൻ നിത്യവും ഓരോ കവിതകൾ എഴുതിക്കൊണ്ടുവരും. എല്ലാം എന്നെ പരിഹസിച്ചുകൊണ്ടുള്ളവയാണ്. ചട്ടമ്പികൾ അവ മനഃപാഠമാക്കി പാടിക്കൊണ്ടു നടക്കും. ചട്ടമ്പികളല്ലാത്ത ശാന്തന്മാരായ വിദ്യാർത്ഥികൾ പോലും അവ പഠിക്കുകയുണ്ടായിട്ടുണ്ട്. ഞാൻ സ്കൂളിൽ ചെന്നാൽ ചട്ടമ്പികൾ എന്റെ സമീപം വന്നു തുള്ളിച്ചാടിക്കൊണ്ടു ആ പരിഹാസപ്പാട്ടുകൾ പാടിത്തുടങ്ങും. എനിക്കു ഭ്രാന്തു പിടിക്കും. ഒരിക്കൽ ഒരു വഴക്കു തന്നെ ഉണ്ടായി. രാഘവൻപിള്ള എന്നെ ഒന്നു രണ്ടടിച്ചു. ഞാൻ കൈ കടന്നു പിടിച്ചു, ഒന്നാംതരം ഒരു കടിയും വെച്ചുകൊടുത്തു. ഞാൻ ഹെഡ്മാസ്റ്ററോടു പരാതി പറഞ്ഞു. അദ്ദേഹം കുറ്റവാളികളെ കണക്കിനു ശിക്ഷിച്ചുവെങ്കിലും അവരുടെ പരിഹാസത്തിനു അൽപമെങ്കിലും ശമനമുണ്ടായില്ല. രാഘവൻപിള്ള രചിച്ചിട്ടുള്ള ആ പരിഹാസപ്പാട്ടുകൾ ഇന്നെനിക്കോർമ്മയില്ല. അങ്ങിങ്ങു ചില വരികൾ ഓർമ്മയിൽ വരുന്നതു ചുവടെ ചേർക്കാം.

നന്നായവലക്കെടുത്തു—അതിൽ
"മന്നങ്ങാ" കൊത്തിയരിഞ്ഞിട്ടു
ശർക്കരക്കൂട്ടിത്തിരുമ്മി—തിന്നും
സ്ക്കൂസ്സുകാരൻ കുടിയൻ!

ഇതിൽ പരിഹാസം പതിയിരിക്കുന്നതു "മന്നങ്ങാ" "സ്ക്കൂസ്സുകാരൻ" "കുടിയൻ" എന്നീ പദങ്ങളിലാണ്. ചങ്ങമ്പുഴപ്പറമ്പു രണ്ടായി ഭാഗിക്കപ്പെട്ടിരുന്നു. അതിൽ പടിഞ്ഞാറെ ചങ്ങമ്പുഴയിൽ താമസിച്ചിരുന്നതു "ബപ്പി" എന്നു പേരുള്ള ഒരു ചെട്ടിയാണ്—കുടുമ്മിവർഗത്തിൽ പെട്ടവൻ. അക്കാലത്തു ചങ്ങമ്പുഴബപ്പി എന്നാണു സ്കൂൾകുട്ടികൾ എന്നെ പരിഹാസമായി വിളിക്കാറു്. ഞങ്ങളുടെ നാട്ടിൽ കുടുമ്മിവർഗത്തിന്റെ—ചെട്ടികളുടെ—പ്രധാന തൊഴിൽ തെങ്ങുകയറ്റമാണ്. അവർക്കു ഏറ്റവും പ്രിയമുള്ള ഒരാഹാരപദാർത്ഥമാണത്രെ മന്നങ്ങാ (മൂപ്പെത്താത്തനാളികേരം). അവരെ പരിഹാസമായി മന്നങ്ങാ; തീനി, കുടിയൻ എന്നെല്ലാം വിളിക്കാറുണ്ട്. കുടിയൻ എന്നോ മന്നങ്ങാ എന്നോ വിളിച്ചാൽ കലികയറ

പി. എ. പരമേശ്വരൻ നായർ

# “സംഗീതമപി- -”

“ഇത്ര വേഗത്തിൽ ഇത്രപ്രചാരമുള്ള ഒരു കവി കേരളത്തിലില്ല. താൻ എഴുതിത്തുടങ്ങിയ നാൾ മുതൽ അദ്ദേഹത്തെ സാഹിത്യലോകം അറിയാൻ തുടങ്ങി. അഭിനന്ദകന്മാരെയും ആക്രമികളെയും ഒന്നുപോലെ സമ്പാദിച്ചിട്ടുള്ള ചുരുക്കം ചില കവികളിൽ ഒരാളാണു ചങ്ങമ്പുഴ. അദ്ദേഹത്തിന്റെ പ്രശംസകന്മാരിൽ ഭൂരിഭാഗവും സാധാരണ സഹൃദയന്മാരാണെങ്കിൽ, അദ്ദേഹത്തിന്റെ ആക്രമികൾ അസാധാരണ സഹൃദയന്മാരാകുന്നു. വണ്ടിക്കാർ വണ്ടി തെളിക്കുമ്പോഴും, [illegible] കൃഷിവിളിക്കുന്നതിനിടയിലും, അവരെക്കൊണ്ടു കവിത പാടിക്കാൻ ചങ്ങമ്പുഴ തന്നെ വേണം. അദ്ദേഹം കവിതയെഴുതുമ്പോൾ എഴുത്തും വായനയും അറിയാത്തവർ പോലും അതു പാടിക്കൊണ്ടു നടക്കുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ അപ്പടി പകർത്തിയെടുക്കുന്ന ജോലി ചിലർക്കു അവരുടെ ജീവിതവൃത്തിയാണ്. പാട്ടുപാടി രസിക്കുവാനാണു പലരും അദ്ദേഹത്തിന്റെ കവിത വായിക്കുന്നത്.”

കോട്ടയത്തുവച്ചു കൂടിയ പുരോഗമനസാഹിത്യസമ്മേളനത്തിൽ വച്ച് ‘ജി’ പറഞ്ഞതുപോലെ കേരളീയരുടെ ഹൃദയത്തിലേക്കു ഒട്ടധികം ആണ്ടിറങ്ങുവാൻ ഈ കവിക്കു എങ്ങിനെ സാധിച്ചു. ചങ്ങമ്പുഴയുടെ പാട്ടുകൾക്കുള്ള പ്രധാനഗുണം ശ്രീ. എം. എസ്സ്. ദേവദാസ് ചൂണ്ടിക്കാണിച്ചതുപോലെ “നാട്ടുകാരുടെ ഇഷ്ടവും, വികാരം നിറഞ്ഞതുമായ ഭാഷയിലാണു ഇവ എഴുതപ്പെട്ടിട്ടുള്ളത് എന്നതാണ്.

ശ്രീ ചങ്ങമ്പുഴ തനിക്കു പറയുവാനുള്ളതു—പാടാനുള്ളതു—ചുമ്മാ അങ്ങു പറയുന്നു; പാടുന്നു....ഭാഷകൾ, നാട്ടുകാരുടെ ശീലുകളും, ശൈലിയും ശ്രീ ചങ്ങമ്പുഴ സ്വീകരിച്ചു, എന്നതു മാത്രമല്ല അദ്ദേഹത്തിന്റെ നേട്ടം; ആളുകളുടെ ഏററവും ‘സാദ’നായ വിചാരവികാരങ്ങൾക്ക്—വിശിഷ്യ, അനുരാഗസംബന്ധിയായവയ്ക്കു—അദ്ദേഹം ശബ്ദം കൊടുത്തു, അവയെ ഗാനരൂപത്തിലാക്കി.

“അനുരാഗത്തിന്റെ യാതനകൾ, രസികതകൾ, ഉൽക്കണ്ഠകൾ, പരിഭവങ്ങൾ, വ്യാമോഹങ്ങൾ, സ്വപ്നങ്ങൾ, നിരാശകൾ—ഇവയുടെ കവിയാണ് ചങ്ങമ്പുഴ. ഏതാണ്ടു എല്ലാ നാട്ടുകാർക്കും സഹജമായ ഇത്തരം വികാരങ്ങൾക്കു മലനാട്ടിൽ ശ്രീ. ചങ്ങമ്പുഴയെക്കാൾ നല്ലൊരു ഗായകൻ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല.”

“ചങ്ങമ്പുഴ പാടുമ്പോൾ നമ്മുടെ മഹാകവികളുൾപ്പെടെ കേരളത്തിലെ കണക്കററ മഹാകവികളിൽ ഭൂരിഭാഗവും തങ്ങൾ പാടുകയല്ല; പറയുകയാണു ചെയ്യുന്നതെന്നു വിചാരിച്ച് തങ്ങളുടെ ഭാഗ്യഹീനതയിൽ സങ്കടപ്പെടുന്നു. അവരിൽ പലരും ചങ്ങമ്പുഴയെ ചതച്ചാലല്ലാതെ തങ്ങൾക്കു രക്ഷയില്ലെന്നു വിശ്വസിച്ചുപോരുന്നു. അദ്ദേഹത്തെ പുലഭ്യം പറയുന്നവരുടെയും, ആക്രമിക്കുന്നവരുടെയും, അടിസ്ഥാനം പലപ്പോഴും ആദർശമല്ല, കടുത്ത അസൂയയായി കാണപ്പെടുന്നു. ഒരു സാധാരണ കവിക്ക് ഒരിക്കലും അസൂയാലുക്കളെയും നിർദ്ദയവിമർശകന്മാരെയും സൃഷ്ടിക്കുവാൻ കഴിയുകയില്ല.

സംഗീതനിർഭരമാണെങ്കിലും ചങ്ങമ്പുഴയുടെ കവിതയ്ക്ക് ആഴമില്ല. വൈവിദ്ധ്യരാഹിത്യം ആ മഹാകവിയുടെ കൊടിയടയാളമാണ്. [illegible]സ്തുലതകൊണ്ടു നിർഭരമായ ആ[illegible]വിത ആളിക്കത്തുന്ന വികാരത്തിന്റെ സന്താനമാണ്. വിചാരത്തിന്റെ ദീപനാളം ചങ്ങമ്പുഴക്കവിതകളിൽ അവിടവിടെ കാണുന്നുണ്ടെങ്കിലും ആ വിചാരങ്ങൾ പലപ്പോഴും വികാരത്തിന്റെ ഉടുപ്പണിഞ്ഞവയാണ്. ഇന്നലെ ‘പഴയ പനയോലക

---

രാത്ത ഒരു ചെട്ടി ഇന്നും എവിടെയെങ്കിലും ജീവിച്ചിരിപ്പുണ്ടോ എന്നു സംശയമാണ്. ഞാൻ ഒരു ചെട്ടിയല്ലെങ്കിലും അന്നു ആ ഗാനശകലം എന്നെയും കളികൊള്ളിച്ചിരുന്നു. സകസ്സ്കാരൻ എന്ന ഉചിതപ്രയോഗം അരണമരത്തിന്മേൽ എനിക്കു കാണിക്കേണ്ടിവന്ന അഭ്യാസത്തെയാണ് സൂചിപ്പിക്കുന്നതെന്നു കൂടി പ്രത്യേകം എടുത്തു പറയേണ്ടതായിട്ടുണ്ട്:

പച്ചക്കടലക്കതിന്നാൽ--ആക്കം
പദ്യമെഴുതുവാനൊക്കം'
മെച്ചത്തിലുള്ളതായ്ത്തീരും---കറ-
വേപ്പിലും കൂടിക്കഴിച്ചാൽ!

അടിച്ചുതളിക്കാരിയായ എന്റെ മുത്തശ്ശിയുടെ വലത്തേതോളിൽ, ഒരു മദ്ധ്യത്തിലായി, ഒരു കടലക്കായുടെ മുഴുപ്പും ആകൃതിയും ഒത്തുചേർന്ന ഒരു അരിമ്പാറ ഉണ്ടായിരുന്നു. അക്കാരണത്താൽ അവരെ “കടലയ്ക്കാ” എന്നു പരിഹാസമായി വിളിച്ചിരുന്നുവത്രെ! പിന്നീടു ആ പരിഹാസനാമം അരിമ്പാറ ഇല്ലാഞ്ഞിട്ടുപോലും, വീട്ടിലെ മററംഗങ്ങൾക്കെല്ലാം പകരപ്പെട്ടു. “പച്ചക്കടലയ്ക്കാ” എന്ന കവിപ്രയോഗത്തിന്റെ പരിഹാസാത്മകമായ സാരസ്യം ഇതിൽനിന്നു വെളിപ്പെടുന്നുണ്ടല്ലോ. അനേകസംവത്സരങ്ങൾ കഴിഞ്ഞു എന്റെ “ബാഷ്പാഞ്ജലി” എന്ന കാവ്യസമുച്ചയഗ്രന്ഥം പ്രസിദ്ധീകൃതമായപ്പോൾ അതിലെ പ്രഥമപദ്യമായ “ആ പൂമാല” യിലെ

അരുവാങ്ങുമീ,നാരുവാങ്ങുമീ-
യാരാമത്തിന്റെ രോമാഞ്ചം?

എന്ന ആദ്യത്തെ ഈരടി പരിഹാസലോലുപനായ ഏതോ ഒരജ്ഞാതകവി

അരുവാങ്ങുമീ,നാരുവാങ്ങുമീ
യാറുകാരിന്റെ കടലയ്ക്കാ?

എന്നു രൂപാന്തരപ്പെടുത്തുകയും അതിന്റെ അസൂയയുടെ ജനിയറയായ എന്റെ ജന്മദേശത്തിൽ അത്ഭുതാവഹമായ പ്രചാരം സിദ്ധിക്കുകയുമുണ്ടായി. ചില കുസൃതിക്കുട്ടകൾ എന്റെ ഭവനത്തിനു മുൻപിലെത്തുമ്പോൾ മേൽപ്രസ്താവിച്ച പാരഡി ഉറച്ചുചൊല്ലിയിട്ടു കുററവാളികളെപ്പോലെ ഓടിപ്പോകുന്നതു പലപ്പോഴും എന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

രാഘവൻപിള്ള ഇങ്ങനെ ഒട്ടേറെ പദ്യങ്ങൾ എന്നെക്കുറിച്ചു എഴുതിയിട്ടുണ്ടെങ്കിലും ബാക്കിയൊന്നുംതന്നെ എനിക്കിന്നു ഓർമ്മവരുന്നില്ല. പിൽക്കാലങ്ങളിൽ ഞാൻ രാഘവൻപിള്ളയോടുതന്നെ ചോദിക്കയുണ്ടായി. പക്ഷെ അന്നങ്ങനെ എഴുതിയെന്നല്ലാതെ അദ്ദേഹം അതു സൂക്ഷിക്കയോ ഓർമ്മവെയ്ക്കയോ ചെയ്തിരുന്നില്ല. അങ്ങനെ അവ നഷ്ടപ്പെട്ടു. പനിനീർപ്പൂപോലെ മൃദുലമായ എന്റെ ഹൃദയത്തെ അക്കാലത്തു ഏററവും വേദനിപ്പിച്ചിട്ടുള്ള വ്യക്തി അനശ്വരനാമധേയനായ ആ അനുഗ്രഹീത കവിവര്യനാണ്. ഒരുപക്ഷെ അക്കാരണത്താലായിരിക്കാം പിന്നീടു ഞങ്ങളുടെ ആത്മാക്കൾ അഭേദ്യമായ രീതിയിലങ്ങനെ ഒട്ടിപ്പിടിക്കുവാൻ ഇടയായതു്. അദ്ദേഹത്തിന്റെ പരിഹാസകവനങ്ങൾകേട്ടു ഹൃദയംപൊട്ടി ഞാൻ കരഞ്ഞിട്ടുണ്ട്. ആ രംഗങ്ങൾ ഇന്നു സ്മരിക്കുമ്പോൾ അന്നത്തെ വേദന എനിക്കു മധുരമായിത്തോന്നുന്നു. ഹാ! അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്ന ഒരിക്കലും ആവർത്തിക്കപ്പെടാത്ത ആ വികാരങ്ങൾ........ .... .... .... ....

## സുകൃതൻ

പുറമെ മാത്രം പുരട്ടിയാൽ മതി. പൊരിയണി, പുഴക്കടി, ചൊറിയണി, ചുണങ്ങു, ഇവകൾ നിശ്ശേഷം മാറും.

ഒരാളിനുള്ള കുപ്പി 1-ക്കു വില ക.2 മാത്രം. ഫലപ്രാപ്തിയുള്ള ഞങ്ങളുടെ ആയുർവേദൌഷധങ്ങൾ ഒരിക്കൽ പരീക്ഷിച്ചറിയുവിൻ.

എൻ. മാധവൻവൈദ്യൻ
(V. V. Visarad)
എം. എ. ഫാർമസി
ചിന്നക്കട കൊല്ലം

ൾ' ചിതലിന്റെ കൊട്ടാരങ്ങളല്ലേ-ന്നും അങ്ങനെ ആർക്കെങ്കിലും തോന്നു-ന്നുണ്ടെങ്കിൽ അതു് പുതുപ്രതിഷ്ഠക്കാരത്തിന്റെ ചാരായക്കടയിൽ കയറി ഉറങ്ങിയതുകൊണ്ടാണെന്നും പറഞ്ഞ ചങ്ങമ്പുഴ ഇന്നു പറയുന്നതു്, അതെല്ലാം ചുട്ടെരിക്കാനാണു്. ചങ്ങമ്പുഴയുടെ കവിതകൾ സന്ദർഭത്തിന്റെ സൃഷ്ടികളാണു്. ആ കവിതകൾക്കൊക്കെ ശാശ്വതമായി ച്ചുതോന്നുന്നവർക്കു് അതിൽനിന്നും ഒരു ജീവിതാദർശം ചികഞ്ഞെടുക്കുന്നാവുമോ എന്നു സംശയമാണു്. പക്ഷേ, അദ്ദേഹമെഴുതുന്ന വിപ്ളവഗാനങ്ങൾ ലക്ഷ്യബോധത്തെ ഉദ്ദീപിക്കുന്നതും, ഉണർവ്വും ഉന്മേഷവും നൽകുന്നതുമാണു്. പക്ഷെ, അദ്ദേഹം അവയെയും കളിയാക്കാൻ നിന്നു എന്നു വരും—അല്ല, കളിയാക്കിയിട്ടുണ്ടു്.

ചങ്ങമ്പുഴ എന്താണെന്നു വിശകലനം ചെയ്തുനോക്കുവാൻ രസമുണ്ടു്. ചങ്ങമ്പുഴ ഒരു കലാകാരനാണു്. വികാരസംക്രമണമാണല്ലോ കലയുടെ ലക്ഷ്യം.

ശാസ്ത്രവും സ്ത്രീഭേദത്തെ വിവരിക്കുന്നുണ്ടു്. ലൈംഗികമായ പരിഗണനകൾ വച്ചുകൊണ്ടു നാം അവതരിപ്പിക്കുന്ന പുംസ്ത്രീഭേദത്തെ ശാസ്ത്രം അംഗീകരിക്കുന്നില്ല. സ്ത്രീപുരുഷഗുണമിശ്രിതമാണു വ്യക്തി എന്നു ശാസ്ത്രം പറയുന്നു. ഓരോ പുരുഷനിലും ഓരോ സ്ത്രീയിലും സ്ത്രീപുരുഷഗുണധർമ്മങ്ങൾ അടങ്ങിയിരിപ്പുണ്ടെന്നർത്ഥം. പുരുഷധർമ്മങ്ങൾ മുന്തിനിൽക്കുന്ന സ്ത്രീയെ 'പുരുഷസ്ത്രീ' എന്നും, സ്ത്രീധർമ്മങ്ങൾ മുന്തിനിൽക്കുന്ന പുരുഷനെ 'സ്ത്രീപുരുഷൻ' എന്നും വിളിക്കാമെന്നു തോന്നുന്നു. ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ മുന്തിനിൽക്കുന്ന സ്ത്രീധർമ്മത്തോടു കൂടിയ പുരുഷനാണു കലാകാരൻ. ലളിതഭാവനകളിൽക്കൂടെ ഉൾക്കൊള്ളുന്ന വികാരത്തെ തരളചിന്തകൾകൊണ്ടു വിലങ്ങാതെ അനുവാചകർക്കു പകർന്നുകൊടുക്കുന്ന കലാകാരനായ ചങ്ങമ്പുഴയിൽ സ്ത്രീഗുണവിശ്രമം ക്രമ[illegible]ലുണ്ടെന്നു പറയുന്നതിൽ തെറ്റില്ല.

ഇക്കഴിഞ്ഞ ലക്കം 'പ്രസന്നകേരള'ത്തിൽ (28-7-46) പ്രസിദ്ധീകൃത വരേണ്യനും, സഹൃദയാഗ്രണിയും, നിരൂപകപ്രവരനുമായ ശ്രീ. എം. പി. പോൾ എഴുതിയ ലേഖനമാണു് ഈ ലേഖനത്തിനു നിദാനം. ശ്രീ. എം. പി. പോൾ ചങ്ങമ്പുഴയെ ത്യാഗരാജനോടു ഉപമിച്ചിരിക്കുന്നതു കണ്ടു. സിനിമയിൽ പാട്ടുകാരനായ ത്യാഗരാജൻ ഒരു '[illegible]'മാണു്. ചങ്ങമ്പുഴ ഒരിക്കലും ഒരു [illegible]ല്ല. '[illegible]'യാണു സംഗീതമെന്നു തെററിദ്ധരിക്കുന്നവരാണു് ത്യാഗരാജന്റെ ആരാധകന്മാർ. ശ്രീ ചെമ്മാൻകുടിയെ അനുമാനത്തിൽ അനുകരിച്ചു തുപ്പി അടഞ്ഞുകൊണ്ടിരിക്കുന്ന ഒന്നുരണ്ടു സംഗീതജ്ഞന്മാരുടെ 'കുത്തുതിരി'മാണു് ത്യാഗരാജൻ സംഗീതത്തിന്റെ പേരുപറഞ്ഞു കർണ്ണാടക സംഗീതത്തെ അലങ്കോലപ്പെടുത്തുകയും, കലാബോധമില്ലാത്ത ബഹുഭൂരിപക്ഷത്തിന്റെ രസവാസനകളെ ദുഷിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ത്യാഗരാജർമാരിലും ചങ്ങമ്പുഴയുമായി താരതമ്യം അർഹിക്കുന്നില്ല. കലാകൊലപാതകത്തിനു കുപ്രസിദ്ധി സമ്പാദിച്ച തമിഴ് സിനിമാ നിർമ്മാതാക്കന്മാരും, [illegible] കൈകാര്യംഗമായി തീർന്നിരിക്കുന്ന നമ്മുടെ സാമാന്യജനങ്ങളുമാണു ത്യാഗരാജനെ ഗായകനും ഭക്തനുമാക്കിയതു്. നമുക്കു ചങ്ങമ്പുഴയെ അങ്ങനെ പറയാമോ?

“ഓണപ്പൂക്കൾ പറിച്ചിട്ടില്ല നീ-
യോണക്കോടിയുടുത്തിട്ടില്ല- - -
നീലക്കുയിലേ, നീലക്കുയിലേ,
നീയെന്തെന്നോടു മിണ്ടാത്തെ- - -”

എന്നിങ്ങനെയുള്ള ലളിതസുന്ദരമായ ഈരടികൾ അതിന്റെ മണ്ഡലത്തിൽ മഹാകവികൾക്കുപോലും അസൂയ ജനിപ്പിക്കുന്നതാണു്.

കർണ്ണാടകസംഗീതത്തിൽ ചങ്ങമ്പുഴയുമായി ആരെങ്കിലും താരതമ്യം അർഹിക്കുന്നുണ്ടെങ്കിൽ അതു ശ്രീമതി എം. എസ്. സുബ്ബലക്ഷ്മിയാണു്.

ഒരു മണിമിന്നൽപോലെ സ്വപ്നസിദ്ധഗായകനും ഗാനനിർമ്മാതാവുമായ പാപനാശം ശിവന്റെ കയ്യും പിടിച്ചുകൊണ്ടു സ്ക്രീനിലേക്കു വന്ന (സേവാസദൻ) സുബ്ബലക്ഷ്മിയുടെ കോകിലകണ്ഠം സിനിമാപ്രേമികളെ ഹഠാദാകർഷിച്ചു. പാപനാശംശിവന്റെ ശിക്ഷണത്തിൽ ശിവന്റെ കീർത്തനങ്ങൾ മധുരമായി പാടിയ സുബ്ബലക്ഷ്മി രംഗത്തുവന്നപ്പോൾ പ്രസിദ്ധ ഗായകനായ ജി. എൻ. ബി. യുടെ മനഃപൂർവ്വമായി അംഗീകരിച്ചു. അല്പസമയംകൊണ്ടു മേന്മനേടി. പക്ഷേ, എം. എസിന്റെ പാട്ടുകളിൽ ചിലതിൽ ജി. എൻ. ബി. യുടെ സംഗീതബോധത്തിന്റെ സ്വാധീനശക്തി നമുക്കു കാണാൻ കഴിയുന്നുണ്ടു്. 'സാവിത്രി' ഗാനപരമായും മററും മററും എം. എസ്സിന്റെ പരാജയമാണു്. മറെറാന്നിലും കവിഞ്ഞു, ഭാവപൂർണ്ണിമയെ ബഹുമാനിക്കുന്ന 'ഹിന്ദുസ്ഥാൻ സംഗീത'ത്തിന്റെ പാരമ്പര്യത്തിൽ പുലർന്ന ശാന്താ ആപ്ടെ ഹിന്ദുസ്ഥാൻ 'ഫിലിം'കളിൽ പാടുന്ന പാട്ടിന്റെ മുമ്പിൽ എം. എസ്സ് വിളറിപ്പോയതിൽ അൽഭുതമില്ല. 'മീര' എം. എസിനുവേണ്ടി നിർമ്മിച്ച ചിത്രമാണു്. ആ കണ്ഠനാദം സർവ്വത്രമുഴങ്ങിക്കേൾക്കാം.

എം. എസ്സിന്റെ പാട്ടുകച്ചേരികൾ ആളുകളെ ആകർഷിക്കുന്നു. ഒന്നാമതു സിനിമാ പ്രസിദ്ധി, രണ്ടാമതു സ്ത്രീയെന്നുള്ള നില, മൂന്നാമതു കോകിലകണ്ഠം, നാലാമതു പ്രചരണയന്ത്രത്തിന്റെ പ്രാപ്തി, ഇവയെല്ലാമാണു് എം. എസ്സിന്റെ കച്ചേരിയെ വിജയിപ്പിക്കുന്നതു്. ഈ അടുത്ത ഒരവസരത്തിൽ തൃശ്ശിനാപ്പള്ളി റേഡിയോ സ്റ്റേഷൻ ഡയറക്ടർ ശ്രീ അരിക്കേയുടെയോടു പറയുകയുണ്ടായി. “ഞങ്ങൾ എം. എസിനു - - - രൂപയല്ലേ കൊടുക്കുന്നുള്ളു” എന്നു്. സംഗീതരത്നാകരം അരിയക്കുടി എം. എസ്സിന്റെ കണ്ഠനാളത്തിനു മുമ്പിൽ തോററുപോയി എന്നാണു ഡയറക്ടറുടെ അഭിപ്രായം. ശാന്തം! പാപം.

എം. എസ്സിന്റെ ശ്രവണസുഭഗമായ കണ്ഠനാദം സദസ്സിനെ ആകർഷിക്കുമ്പോൾ ചങ്ങമ്പുഴയുടെ രചനാഭംഗി—സംഗീതസാന്ദ്രത--അനുവാചകരെ മുഗ്ദ്ധരാക്കുന്നു. എം. എസ്സ് സം


## ബ്ളഡ്-ഇൻ-ദ്രാക്ഷാ

നഷ്ടപ്പെട്ടുപോയ ആരോഗ്യത്തെ വീണ്ടെടുത്തു താരുണ്യത്തെയും ലാവണ്യത്തെയും പ്രദാനം ചെയ്യുന്നു.

രക്തശുദ്ധിക്കും പ്രസവാനന്തരമുള്ള ആരോഗ്യാഭിവൃദ്ധിക്കും അത്യുത്തമം. എല്ലാ മരുന്നുഷാപ്പുകളിലും കിട്ടും.

എസ് ജി ഏ ഫാർമസി
കോട്ടയം



## പോയ തലമുറ

പട്ടം, മന്നം, കുഞ്ഞുരാമൻ, മാമ്മൻമാപ്പിള, കെ. ജി. പരമേശ്വരൻപിള്ള, ഈ. സുബ്രഹ്മണ്യയ്യർ, എം. ഗോവിന്ദൻ, ഏ. ബാലകൃഷ്ണപിള്ള ഇവരുടെ തൂലികാചിത്രങ്ങൾ.

എല്ലാവരുടെയും ഹാസ്യചിത്രങ്ങളും ചേർത്തിട്ടുണ്ടു്.

By സി. നാരായണപിള്ള.
പേജ് 120. വില 1 ക. 4 ണ.
നാഷനൽ ബുക്ക് സ്റ്റാൾ,
കളരിക്കൽ ബസാർ, കോട്ടയം.

ഗീതത്തിൽ ശിക്ഷണം നേടിയ ഗായികയാണ്. ചങ്ങമ്പുഴ സാങ്കേതികശിക്ഷണം നേടിയ കവിയാണ്. അഴമില്ലായ്മ രണ്ടുപേരുടെയും പൊതുസ്വത്താണ്. എം എസ്സിന്റെ ഗാനം ശ്രോതാവിനെ മുഗ്ദ്ധനാക്കിയിരുത്തുന്നതിനാൽ ശ്രോതാവു ശ്രവണസൗഭാഗ്യം മാത്രമാണു സംഗീതമെന്നു വിശ്വസിച്ചുപോകുന്നു. ചങ്ങമ്പുഴയുടെ കവിത രണ്ടാമതൊന്നു വായിച്ചുനോക്കുകയാണെങ്കിൽ, ആദ്യം വായിച്ചപ്പോൾ തോന്നിയ ഒരുവിധമുള്ള അനുഭൂതി അനുവാചകനു രണ്ടാമതുണ്ടാകുന്നില്ല. വൈവിധ്യമില്ലാത്ത നാദമാണ് എം എസ്സിന്റെ സംഗീതത്തിലുള്ളത്. സ്വരസഞ്ചാരക്രമത്തിൽ വരുന്ന സ്വരങ്ങളെ അനുസ്വരങ്ങൾകൊണ്ടു വികസിപ്പിച്ചു രാഗധാരയെ ഭാവപൂർണ്ണമാക്കാനുള്ള പാഴ്വേലയൊന്നും എം എസ്സിനു വശമല്ല. എം എസ്സിന്റെ പാട്ടുകച്ചേരികൾ ജീവനില്ലാത്ത സംഗീതസദസ്സുകളാണ്. കർണ്ണാടകസംഗീതത്തിന്റെ അഗാധതയിലേയ്ക്കിറങ്ങിയാൽ എം എസ് വീർപ്പുമുട്ടി മരിച്ചുപോകും. വൈവിധ്യമില്ലാത്ത നാദധാരയും, മലരനിക്കാട്ടുകളും, നിലമലകളും, മന്ദവാതവും, നീലക്കുയിലുകളും, കണ്ണുനീർ പുരണ്ട പുഞ്ചിരിയും കഴിച്ചാൽ ചങ്ങമ്പുഴയുടെ കവിത ശൂന്യമാണ്. ഇത്രയും പറഞ്ഞതുകൊണ്ടു "നാഥനാമക്രിയ"യിൽ ഒരു പദം പാടാൻ (ശകുന്തള) എം എസ്സ് അസമർത്ഥയാണെന്നു അർത്ഥമില്ല. പക്ഷെ, ജി എൻ ബി-യെ നാം അപ്പോൾ അനുസ്മരിച്ചുപോകുന്നു. വിശ്വസാഹിത്യത്തിലെ അത്യുചിതമായ ചില മാതൃകകൾ വ്യക്തിപരമായ അനുഭവങ്ങളുമായി കൂട്ടിമുട്ടുമ്പോൾ ചങ്ങമ്പുഴയുടെ കവിത അപൂർവബന്ധമായ ചില മാതൃകകൾ പുറത്തു കൊണ്ടുവരാറുണ്ട്. (ഉന്മാദത്തിന്റെ ഓടക്കുഴൽ, കമ്പാവിന്റെ ചിറകുകളിൽ മററും മററും)

കർണ്ണാടക സംഗീതത്തിൽ ചങ്ങമ്പുഴയെ ആരോടെങ്കിലും ഉപമിക്കാനുണ്ടെങ്കിൽ അതു ശ്രീമതി എം എസ്സ് സുബ്ബലക്ഷ്മിയോടാണ്. എം എസ്സിന്റെ സ്ത്രീത്വവും ചങ്ങമ്പുഴയുടെ പുരുഷത്വവും ഇവിടെ ആദരണീയമല്ല. സമാനധർമ്മങ്ങൾ മതിയല്ലോ തുലനത്തെ അർഹിക്കാൻ.

ഒരു കേരളീയനായ ചെമ്പായ് വൈദ്യനാഥയ്യർക്കു അഭിജ്ഞനായ ശ്രീ എം പി പോൾ അനർഹമായ പ്രാധാന്യം നൽകുകയുണ്ടായി. മി. പോൾ ഇടുങ്ങിയ പ്രാദേശികബുദ്ധി പ്രദർശിപ്പിക്കുന്ന വ്യക്തിയല്ലല്ലോ. ശ്രീ ചെമ്പായ് വൈത്തി ഒരു വിധത്തിലും ശെമ്മാങ്കുടിയുമായി താരതമ്യം അർഹിക്കുന്നില്ല. മധുരമനോഹരമായ കണ്ഠനാദം വിസ്മരിച്ചാൽ വൈത്തിയുടെ കയ്യിലുള്ളതു് വെറും "ഡക്ക" വേല മാത്രമാണ്. കീർത്തനം പാടുന്ന വൈത്തിയ്ക്കു രാഗവും, കീർത്തനവും, സ്വരങ്ങളും തമ്മിലുള്ള പൊരുത്തം എന്തെന്നറിഞ്ഞുകൂടാ. രാഗം പാടുമ്പോൾ അദ്ദേഹം നടത്തുന്ന ഗുസ്തികളും, സ്വരം പാടുമ്പോൾ നടത്തുന്ന കസർത്തുകളും, കീർത്തനം പാടുമ്പോൾ അടിക്കുന്ന ബ്രുഗകളും സംസ്കാരം സിദ്ധിച്ച ഒരു ശ്രോതാവിനെ നടുക്കം കൊള്ളിക്കുന്നു. താളബന്ധത്തിൽ ഒതുക്കി മൃതകാലത്തിൽ സ്വരം നടത്തുന്നതു് ഒരു മേന്മയല്ല; ഒരു ലാഘവതയാണ്. രാഗഭാവത്തിൽ ലയിച്ചു, രാഗത്തിന്റെ ജീവനു ജീവൻ നൽകിക്കൊണ്ടു, നടത്തുന്ന സ്വരങ്ങൾ ഒരിക്കലും കസർത്തിന്റെ പ്രതീതി നമ്മിൽ ജനിപ്പിക്കുന്നില്ല. ശെമ്മാംകുടി കർണ്ണാടകസംഗീതത്തിൽ പലതുമാണ്. "എന്നെ എന്റെ നാട്ടുകാർ സംഗീതം പഠിക്കാൻ അനുവദിച്ചില്ല" എന്നുള്ള വൈത്തിയുടെ പരിദേവനം അർത്ഥവത്താണ്. മഹാകവി ഉള്ളൂരിൽനിന്നും ഭാവിസാഹിത്യപഠിതാവിനു ലഭിക്കുവാനുള്ളതു് പദപരിചയംമാത്രമാണ്. ചെമ്പായ് വൈത്തിയുടെ നാദം പ്രകൃതിദത്തമാണ്. സാധകശക്തി അതിനു ഒരു രൂപവും നൽകിയിട്ടില്ല. ഉള്ളൂരിന്റെ പദകോശത്വം കർമ്മബന്ധമാണ്. ഒരു കേരളീയഗായകനെ ഞാൻ കുറ്റംപറയുകയല്ല. പ്രായമിത്രയും ആയെങ്കിലും, അദ്ദേഹം സംഗീതനാടകത്തിനു പോയില്ലല്ലോ! കൃതജ്ഞത!

---


## അനശ്വരതയിലേക്കുള്ള ക്ഷണം

ഗ്രന്ഥകർത്താ
കെ എ ജബ്ബാർ
വിവർത്തകൻ [illegible] വി വർക്കി എം എ
വില 12 ണ.
നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ
കോട്ടയം

---

## മന്മഥചിന്താമണിലേഹ്യം

ഇതു് പുരുഷന്മാക്ക് ധാതുസംബന്ധമായുണ്ടാകുന്ന എല്ലാവിധ രോഗങ്ങളേയും ഉന്മൂലനാശം ചെയ്തു് ശരീരത്തിനു നല്ല ഓജസ്സും, തേജസ്സുമുണ്ടാക്കുന്നു. ധാതുക്ഷയത്താലോ മറ്റേതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണുകുഴിഞ്ഞു് നടക്കാൻപോലും ശക്തിയില്ലാതെ അസ്ഥിയും തൊലിയും മാത്രം ശേഷിച്ചു് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവക്ക് ഇതൊരു അപൽബന്ധുവാണ്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ടു് മനസ്സിടിഞ്ഞു ലജ്ജകൊണ്ടു വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവക്ക് ഇതൊരു ദിവ്യാമൃതമാണ്. പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0 ക്യാററ്ലാഗ്ഗ് ഇനാം

മദ്രാസ് മെഡിക്കൽഹാൾ പുത്തൻചന്ത
തിരുവനന്തപുരം

---

## രക്ഷാകേന്ദ്രം

മൂത്രാശയ രോഗങ്ങൾ പിടിപെട്ടു യാതൊന്നുകൊണ്ടും ആശ്വാസം കാണാതെ പരവശപ്പെട്ടു വലയുന്ന സഹോദരീസഹോദരന്മാക്കു പൂർണ്ണാശ്വാസപ്രദമായ ഒരേ ഒരു രക്ഷാകേന്ദ്രമാണ്

## ശശാങ്ക

സ്ഖലനം, പഴുപ്പുപോക്ക്, പ്രമേഹം മൂത്രച്ചുടിച്ചിൽ, മൂത്രത്തിലുള്ള അടിവ്, (കലക്കൽ) വയറെരിച്ചിൽ, അസ്ഥിസ്രാവം, (വെള്ളപോക്ക്) രക്തംപോക്ക് ഇവകൾക്കും ഉഷ്ണസംബന്ധമായ രോഗങ്ങൾക്കും ഒരുപോലെ ആശ്വാസകരം. 24 നേരത്തേക്കുള്ള പാക്കററൊന്നിനു് വില രൂപാ 3 പാക്കിംഗ്പോസ്റ്റേജ് അഞ്ചലിൽ എട്ടണ. തപാലിൽ ഒരു രൂപാ.

വിജയാ ഫാർമസി,
H O തട്ടാരമ്പലം A.O. മാവേലിക്കര—തിരുവിതാംകൂർ

രജനീപാമിദത്തു്

# എന്റെ ഇന്ത്യൻ പര്യടനം

(വിവ: എൻ വി ശങ്കരൻകുട്ടിവാര്യർ).

2.

മാർച്ച് 30

മൂന്നു മണിക്കൂർ നേരത്തെ ഒരു ചെറിയ പറക്കൽ ഉച്ചയായപ്പോഴേക്കു ഞങ്ങളെ കറാച്ചിയിൽ നിന്നു ഡൽഹിയിലെത്തിച്ചു. രാജപുത്താനയിലെ വിസ്തൃതമായ സമതലങ്ങൾക്കു മുകളിലൂടെയാണ് ഈ യാത്ര അധികവും ഞങ്ങൾ ചെയ്തതു്. ചെമ്മണ്ണുനിറം കലർന്നു താഴെ കിടക്കുന്ന തരിശുഭൂമികൾ നോക്കിക്കാണുമ്പോൾ, അന്തമില്ലാതെ നീണ്ടുനിവർന്നുകിടക്കുന്ന ഒരു മരുഭൂമിയെയാണു ഞാൻ വീക്ഷിക്കുന്നതെന്ന് ഒരുമാത്ര ഞാൻ വിചാരിച്ചു. അപ്പോഴാണ് എന്റെ സഹയാത്രക്കാരിൽ ഒരാൾ ആ പരന്ന ഭൂമിയിൽ അങ്ങിങ്ങായി ഏതാണ്ടൊരു ക്രമത്തിൽ കൂടിച്ചേർന്നുകിടക്കുന്ന അനേകമനേകം കറുത്ത ചെറുപുള്ളിക്കൂട്ടങ്ങളിലേക്ക് എന്റെ ശ്രദ്ധയെ ക്ഷണിച്ചതു്. ആ പുള്ളിക്കൂട്ടങ്ങൾ നാട്ടിൻപുറങ്ങളാണെന്നും അവിടത്തെ ജനങ്ങൾ ഈ തരിശുഭൂമിയിൽ നിന്ന് ഒരുവിധത്തിൽ പണിപ്പെട്ടു തങ്ങളുടെ ഉപജീവനമാർഗ്ഗം പിഴിഞ്ഞെടുക്കുന്നുവെന്നും അദ്ദേഹം എനിക്കു വിവരിച്ചുതന്നു.

വിമാനത്തിൽ നിന്ന് ഇറങ്ങിയ ഉടൻതന്നെ വിമാനത്താവളത്തിൽ വരിവരിയായി അണിനിരന്നിരിക്കുന്ന ചുകപ്പുകൊടികൾ എന്നെ അഭിമുഖീകരിച്ചിരിക്കുന്നതായി ഞാൻ കണ്ടു. ഡൽഹിയിലെ ഏതാണ്ട് ഒരുനൂറു സഖാക്കൾ എന്നെ സ്വീകരിക്കുവാൻ വേണ്ടി വിമാനത്താവളത്തിലേക്കു പത്തു നാഴിക കാൽനടയായി നടന്നുവന്നിരിക്കുകയാണ്. വളരെ ഭംഗിയും അനേക വർണ്ണങ്ങളും മധുരമായ സൗരഭ്യവുമുള്ള പുഷ്പങ്ങളെക്കൊണ്ട് തീർത്ത ഒരു മാല പാരമ്പര്യമുറപ്രകാരം അവരെന്നെ അണിയിച്ചു. കുശലപ്രശ്നമായി ഏതാനും വാക്കുകൾ സംസാരിച്ചതിനു ശേഷം "പതാവ്ദി ഹൗസി"ൽ എനിക്കുവേണ്ടി തയ്യാർ ചെയ്തിട്ടുള്ള മുറികളിലേക്കു ഞങ്ങൾ പോയി. പത്രപ്രതിനിധികൾക്കും ചെറുകിട ഉദ്യോഗസ്ഥന്മാർക്കും താൽക്കാലികാതിഥ്യം നൽകുന്നതിനുവേണ്ടി പണിതിട്ടുള്ള ഗവർമ്മെന്റു ഹോസ്റ്റലാണിതു്. പതാവ്ദി ഹൗസിനു പട്ടാളക്കാരുടെ ലൈനുകളോടാണു കൂടുതൽ സാദൃശ്യമുള്ളതു്. ഇംഗ്ലീഷുകാരായ വായനക്കാർക്ക് ഇതിനെ ബട്ട്ലിന്റെ ഒഴിവുദിവസത്താവളത്തോട് ഉപമിച്ചു കൂടുതൽ നന്നായി വിവരിച്ചുകൊടുക്കാവുന്നതാണ്. നടുവിൽ ഭക്ഷണത്തിനുള്ള വിശാലമായ ഹാൾ, നമ്പർ എഴുതിച്ചേർത്തിട്ടുള്ള വെളുത്ത കുടിലുകൾ നീണ്ടുനീണ്ട വരികളായി ഇരുവശവും; ഓരോന്നിനും മുൻവശത്തു ഓരോ വരാന്തയുണ്ട്. നിഴലുകൾ പതിയുന്ന ഇരുളടഞ്ഞ ഉമ്മറകൾ; അവയ്ക്കു പിന്നിൽ കല്ലുപടുത്ത കുളിമുറി; അതിന്റെ കീഴ്വരിപ്പിൽ വെള്ളം ഒഴുകിപ്പോകാനുള്ള ഒരു തുളയുണ്ട്. ഓക്സ്ഫോർഡ് കാലത്തെ അനുസ്മരിപ്പിക്കുന്നതും തകരംകൊണ്ടുണ്ടാക്കിയതുമായ കുളിക്കാനുള്ള വിശാലമായ ഒരു തൊട്ടി.

മനുഷ്യന്റെ അദ്ധ്വാനശക്തിയെല്ലാം വിലവയ്ക്കാത്ത ആ പതിവിനനുസരിച്ചു തന്നെയാണ് ഇവിടെ സാധാരണ ജോലികൾക്കായി വേലക്കാരെ നിശ്ചയിച്ചിട്ടുള്ളതു്. കാലത്തുതന്നെ, കൂററൻ ശരീരവും നെട്ടനെട്ടങ്കൻ തലപ്പാവും വളർന്ന താടിമീശയുമുള്ള ഒരു പരിചാരകൻ എന്റെ അടുത്തു വന്ന് "അലക്കിനും കുളിക്കും" ഏർപ്പാടു ചെയ്യാമെന്നു പറഞ്ഞു. അതു സഹായകമായ ഒരു നിർദ്ദേശമായി എനിക്കു തോന്നിയതുകൊണ്ടു ഞാൻ സമ്മതിച്ചു. അയാൾ പിന്നീടു ചായ കൊണ്ടുവരുവാനും കുളിക്കാനുള്ള വെള്ളവും ക്ഷൗരത്തിനുള്ള ചൂടുവെള്ളവും മറ്റോരോരുത്തരെക്കൊണ്ടു കൊണ്ടുവരുവിക്കുന്നതിനായി വേണ്ടുന്ന കല്പനകൾ പുറപ്പെടുവിക്കുവാനും മറ്റും ഉത്സാഹപൂർവം വേണ്ടുന്ന നടപടികൾ എടുത്തു. ഞാൻ കുളി കഴിഞ്ഞു വന്നപ്പോൾ അയാൾ എന്റെ കീഴ്ക്കാലുറകൾ അകംപുറം മറിച്ച് എനിക്കു ധരിക്കുവാൻ ശരിപ്പെടുത്തി വച്ചിരിക്കുന്നതായും എന്റെ സ്റ്റോക്കിങ്സും കാലുറകളും മററും വൃത്തിയായി അടുക്കിയൊതുക്കി വയ്ക്കുന്നതായും കണ്ടു. വളരെ മര്യാദയോടുകൂടി ഞാൻ അയാളെ അറിയിച്ചു, വളരെ ചെറുപ്പകാലം മുതല്ക്കുതന്നെ സ്വന്തമായി തന്നെത്താൻ എന്റെ വസ്ത്രങ്ങൾ ധരിക്കാൻ ഞാൻ പഠിച്ചിട്ടുണ്ടെന്ന്. അതിൽ പിന്നീട് ഇത്തരം വേലകളിൽനിന്ന് അയാൾ മനഃപൂർവം ഒഴിഞ്ഞുനിൽക്കുകതന്നെ ചെയ്തു. ഇതിനു പുറമെ ഒരു ധോബി, അഥവാ അലക്കുകാരൻ, അഴുക്കായ വസ്ത്രങ്ങളെല്ലാം വാങ്ങിക്കൊണ്ടു പോകും. ഈ ചൂടിൽ വസ്ത്രങ്ങൾ ഇടയ്ക്കിടയ്ക്കെല്ലാം അലക്കേണ്ടതു് അത്യാവശ്യംതന്നെ; ഇതെല്ലാം എണ്ണിതിട്ടപ്പെടുത്തി അലക്കുകാരനെ കൊടുക്കുന്നതും ഈ വേലക്കാരൻതന്നെയത്രേ. ഉച്ചയ്ക്ക് ആ തുണിയെല്ലാം വെയിലിൽ കിടന്നുണങ്ങുന്നതു് എനിക്കു കാണാം. വൈകുന്നേരം അവ വീണ്ടും വൃത്തിയായി ധരിക്കാൻ പാകത്തിനു കിട്ടുകയായി. ഇംഗ്ലണ്ടിൽ മൂന്നാഴ്ചക്കാരായ അലക്കു കമ്പനിക്കാരുടെ ദ്രോഹങ്ങൾ ക്ഷമാപൂർവം സഹിക്കേണ്ടിവരുന്നവർക്ക് ഈ സൗകര്യം അസൂയാർഹമായി തോന്നാം.

ഇവിടെ ശുചീകരണവേലക്കാരുമുണ്ട്. അടിച്ചുവാരുന്നയാൾ നിലത്തുള്ള പൊടിയും ചവറും വാരിക്കളഞ്ഞു വൃത്തിയാക്കുന്നു. പിൻവശത്തുള്ള ഒരു മുറിയിൽ വച്ചിട്ടുള്ള തകരപ്പാത്രത്തിലാണു നാം മലവിസർജ്ജനം ചെയ്യേണ്ടതു്. തോട്ടിപ്പണിക്കാരൻ വരുമ്പോൾ അയാൾ ആ പാത്രം കൈകൊണ്ടെടുത്തു നീക്കം ചെയ്യും. ഇവിടെ കൈക്കോട്ടോ നിലത്തുള്ള കുഴിയോ കുഴൽ വഴിയായ ശുചീകരണമോ യാതൊന്നും ആവശ്യമില്ല.

ഭക്ഷണത്തിനുള്ള ഹാളിൽ മിന്നിത്തിളങ്ങുന്ന ഉടുപ്പുകൾ അണിഞ്ഞവരായ എത്രയോ അധികം വേലക്കാർ വിവരിക്കാനസാദ്ധ്യമായത്ര വേഗത്തിലും വൈദഗ്ദ്ധ്യത്തോടുകൂടിയും ഭക്ഷണം വിളമ്പിക്കൊടുക്കുന്നുവെന്നതു് എടുത്തു പറഞ്ഞേ തീരൂ എന്നില്ല. എങ്കിലും വീട്ടുവേലക്കാരുടെ ദുർഭിക്ഷമെന്ന പ്രശ്നം മുന്തിനിൽക്കുന്ന ഇംഗ്ലണ്ടിൽ നിന്നും നഗരനിവാസിയായ ഒരു ചെറുമനുഷ്യനേയും അയാളുടെ ഭാര്യയേയും ഇന്ത്യയിലെ ഈ ഹോസ്റ്റലിൽ ഒരു ചെറുദൈവമായി വാഴുവാൻ അനുവദിക്കുകയാണെങ്കിൽ അവർ തങ്ങളുടെ യഥാർത്ഥ സ്വപ്നരാജ്യത്തു എത്തിക്കഴിഞ്ഞിരിക്കുന്നുവെന്നു കരുതിപ്പോകുമെന്നതിൽ അത്ഭുതപ്പെടാനില്ല. ഈ രാജ്യത്തിൽനിന്നു പിരിഞ്ഞുപോകേണ്ടിവരുകയെന്നതു അവർക്കു പിന്നീടു ക്രൗര്യം നിറഞ്ഞ ഒരു നിർബ്ബന്ധമായിത്തോന്നും. എന്നോടൊപ്പം ആതിഥ്യമനുഭവിക്കുന്ന ഒരു ഉയർന്ന ഉദ്യോഗസ്ഥനോടു, ഉൽപാദനംവർദ്ധിപ്പിക്കുകയെന്നതു എത്രയും അടിയന്തിരമായി ആവശ്യമായിരിക്കുന്ന ഈ രാജ്യത്തു പ്രായപൂർത്തിയെത്തിയ മനുഷ്യരുടെ അദ്ധ്വാനശക്തിയെ എന്തെന്നില്ലാതെ ദുർവ്യയം ചെയ്യുന്നതിൽ എനിക്കുള്ള അമ്പരപ്പു പ്രകടിപ്പിക്കുവാൻവേണ്ടി, ഞാൻ ഇതിനെപ്പറ്റി സംസാരിച്ചപ്പോൾ അയാൾ വളരെ സൗമ്യതയോടുകൂടി എന്നെ അറിയിച്ചു, ഇന്ത്യയിൽ ജനസംഖ്യ അത്രയേറെ അധികമാണ്, ഈ വിധത്തിലല്ലെങ്കിൽ ഇവർക്കു യാതൊരു തൊഴിലും എടുക്കാനുണ്ടാവില്ലെന്ന്. ഇങ്ങനെ, ദയാലുവായ ഒരു ഭരണം യാതൊരാവശ്യവുമില്ലാത്ത ലക്ഷോപലക്ഷം മനുഷ്യരെ വീട്ടുവേലക്കാരാക്കി നിർത്തി അവരുടെ ദുരിതാനുഭവങ്ങൾക്കറുതി വരുത്തുന്നു.

ഇവിടെവന്ന ഒരു മണിക്കൂറിനു

കെ. സുരേന്ദ്രൻ

# സാമ്പത്തികശാസ്ത്രത്തിലൂടെ

(കഴിഞ്ഞലക്കത്തിൽനിന്നു തുടർച്ച)

ബുദ്ധിപരമായി ഉയർച്ച ലഭിച്ചിട്ടുള്ളവർ മുൻപറഞ്ഞവരെ കാണേണ്ടരീതിയിൽ തന്നെ കാണുന്നുണ്ടാകും. പക്ഷെ അതല്ല ജനസാമാന്യത്തിന്റെ കഥ. അതുകൊണ്ടാണ് വർഗബോധമുള്ള നിരൂപകന്മാർ തലയാളന്മാരെ പുനഃപരിശോധനചെയ്തു പുതിയ മൂല്യങ്ങൾ നിശ്ചയിക്കുവാൻ താല്പര്യം കാണിക്കുന്നത് . . .

ഇനി സിൻക്ലയർ അംഗീകരിക്കുന്ന കലയെപ്പററി അദ്ദേഹം കലയെ നിർവഹിക്കുന്നതുതന്നെ ഇപ്രകാരമാണ്

“ജീവിതത്തിന്റെ പ്രതിനിധീകരണമാണ്—കലാകാരന്റെ വ്യക്തിത്വത്താൽ മോടിപിടിപ്പിക്കപ്പെട്ട ജീവിതപ്രതിഫലനമാണ് കല. വികാരാന്തരങ്ങളിലേക്ക വിശ്വാസാന്തരങ്ങളിലേക്ക, കർമ്മാന്തരങ്ങളിലേക്ക അന്യവ്യക്തിത്വങ്ങളെ ഉയർത്തിവിടുക—അതു മുഖ്യമായ ഉദ്ദേശവും.”

സൗന്ദര്യസൃഷ്ടിയാണ് കലാകാരന്റെ ആദ്യത്തേയും അവസാനത്തേയും ലക്ഷ്യമെന്നു പറയപ്പെടുന്നുണ്ടല്ലോ. സൗന്ദര്യസൃഷ്ടി കലാകാരന്റെ കർത്തവ്യംതന്നെയാണ്. പക്ഷെ എന്താണ് സൗന്ദര്യം? അവിടെയാണ് സിൻക്ലയർ നമ്മോടു പിണങ്ങുന്നു. നൂതനമാനവും വിനോദാത്മകമായതാണ് ശുദ്ധസൗന്ദര്യം നിറഞ്ഞ കലയായി പൊതുവേ വ്യവഹരിക്കപ്പെടുന്നതെന്നു സിൻക്ലയർ പറയുന്നു. അതു വികാരപ്രധാനമാണ്. ബുദ്ധിയുടെ കയത്തെ കാര്യമായി ഇളക്കുന്നതല്ല. ബുദ്ധിയുമായുള്ള വേഴ്ചയുടെ തോതനുസരിച്ച് സൗന്ദര്യത്തിന്റെ ശുദ്ധതയിലും കയ്പു കലരുന്നു. ഒരു ഉദാഹരണം പറഞ്ഞുകൊള്ളട്ടെ. ശുദ്ധസൗന്ദര്യത്തിനു നിദർശനമായ ശാകുന്തളം മററു ചില അംശങ്ങളെക്കൂടി ചിത്രീകരിക്കുന്നമട്ടിൽ, നമ്മുടെ ഡയറക്ടർമാരാരാം സ്ക്രീനിൽ ആവിഷ്കരിച്ചപ്പോൾ അവിടവിടെ ചില പ്രതിഷേധങ്ങൾ പൊന്തുകയുണ്ടായി. കാരണം, ശാന്താറാം ചിന്താമണ്ഡലത്തെ കൂടി ഉന്മിഷിതമാക്കാൻ ശ്രമിച്ചു. തൻമൂലം പ്രചരണത്തിന്റെ മഷിത്തുള്ളികൾ ശാകുന്തളത്തിന്റെ ശുദ്ധതയെ കറുപ്പിച്ചുകളഞ്ഞു. ശരച്ചന്ദ്രചാററർജിയുടെ പിൽകാലകൃതികളിൽ കലാംശം കുറവാണെന്നുപറയുന്നതിന്റെ കാരണം മറെറയൊക്ക ഇതല്ലേ?

ചിന്താവിഹീനമായ വികാരോദ്ദീപനം, കലയുടെ ശുദ്ധതയ്ക്കു നിദാനമായി വാഴ്ത്തപ്പെടുന്നതെന്തുകൊണ്ടാണ്? “എന്തെന്നാൽ ലോകത്തിന്റെ കടിഞ്ഞാണ് പിടിച്ചുകൊണ്ടാണ് ലോകത്തെ സ്വന്തമാക്കിക്കൊണ്ടു ഒരു കൂട്ടർ ജീവിക്കുന്നുണ്ട്. എല്ലാം നിൽക്കുന്നപടിതന്നെ നിലനിൽക്കണമെന്നു അവർ ആഗ്രഹിക്കുന്നു. ആളുകളുടെ രുചിയും, സംസ്കാരത്തിന്റെ സ്വഭാവവും അതിനു സഹായകമായവിധത്തിൽ അപ്പോൾ നിൽക്കേണ്ടേ? പിന്നിലോട്ടുനോക്കുന്ന കവികളെയും പണ്ഡിതന്മാരെയും തലച്ചോറില്ലാത്ത വികാരക്കൂട്ടുകളെയും അവർ തഴുകുന്നു. അങ്ങിനെ കലയിലെ ശുദ്ധതാവാദത്തിന്റെ ലക്ഷണമാണെന്നു കാണാം, ചൈനാക്കാർ പണ്ടു പെണ്ണുങ്ങളുടെ കാലുകൾ വരിഞ്ഞുകെട്ടി അവരെ പരാധീനരാക്കിയതുപോലെ ആളുകളുടെ ഭാവനയും ചിന്തയും വരിഞ്ഞുകെട്ടപ്പെടുകയാണ്- ആപൽക്കരം ഒരുതരം കൃത്രിമ ശില്പതടങ്ങളായ മണ്ഡലങ്ങളിലേക്ക അവ കുതിച്ചുകയറിയെങ്കിലൊ

കലാകാരന്മാർ നിരന്തരമായി പരിശ്രമിച്ച്, കഠിനമായി ചിന്തിച്ചു, ലോകത്തിനു പുരോഗമിക്കുവാൻ യഥാർഹമായ ഒരു മാർഗ്ഗം കണ്ടറിയണം. മനുഷ്യനു പ്രചോദനം കൊള്ളുവാൻ പുതിയ പുതിയ പ്രേരണകൾ; തരണം ചെയ്യേണ്ട പുതിയ പുതിയ വിപത്തുകൾ; അനുഷ്ഠിക്കേണ്ട പുതിയ പുതിയ ത്യാഗങ്ങൾ; ആസ്വദിക്കുവാൻ പുതിയ പുതിയ അനുഭൂതികൾ—ഇവയെ അയാൾ കണ്ടറിയണം. കലയുടെ ഏതെങ്കിലുമൊരു സങ്കേതത്തെ സ്വാധീനമാക്കി, അതിലൂടെ ജീവത്തായ ഒരു സന്ദേശം സഹജീവികൾക്കായി അയാൾ പ്രചരിപ്പിക്കണം അങ്ങിനെ, അങ്ങിനെ മാത്രമെ, യഥാർത്ഥമായ, ശാശ്വതികമായ കല നിർമ്മിതമാവുകയുള്ളു.

ഇനി അപ്ടൺ സിൻക്ലയറെ അല്പം ദീർഘമായി ഞാൻ ഉദ്ധരിക്കുവാൻ പോവുകയാണ്. കാരണം ആ വാചകങ്ങൾ പ്രചരിപ്പിക്കേണ്ടതു് പേനയെടുക്കുന്ന ഏതൊരുവന്റെയും കടമയാണ്

“നിലവിലുള്ള ലോകവ്യവസ്ഥ ശക്തിമത്തും ശാശ്വതവുമായി കാണപ്പെടുന്നുണ്ടെങ്കിലും, അവസാനിക്കാറായ ഒരു ദുഃസ്വപ്നം മാത്രമാണതു്. ദാസ്യരമായൊരു ഭാവിയെ ആസൂത്രണം ചെയ്തുകൊണ്ടു പുതിയൊരു ശക്തി ലോകത്തിൽ സ്വരൂപിക്കപ്പെടുകയാണിന്നു്. ഈ പുതിയ ദർശനം കണ്ടു പ്രചോദനം കൊള്ളുവാനും, അതു യാഥാർത്ഥ്യമാക്കുവാൻ അന്ത്യംവരെ ഇളക്കിവിടുവാനും ആരുമില്ലന്നോ? ....ഇവിടെയാണ് കലാകാരന്റെ കർത്തവ്യം. യുവസുഹൃത്തുക്കളേ! ഈ മായാവലയത്തെ തകർക്കുക! മുന്നോട്ടുചെന്നു്, ഉദിച്ചുണരുന്ന ആ നവജീവിതത്തെ സ്വാഗതം ചെയ്യുക! നിങ്ങളുടെ കലയിൽ കൂടി അതിനെ ആവിഷ്കരിക്കുക! നിങ്ങൾ തന്നെ സൃഷ്ടിക്കേണ്ട ഒരു തലമുറയ്ക്കുവേണ്ടി ഈ സേവനം നിങ്ങൾ ചെയ്യുക! അതാണെന്റെ സന്ദേശം; എന്റെ അവസാന വാക്കു്. സൃഷ്ടിപ്രമുഖമായ നിങ്ങളുടെ സിദ്ധികൾ വെറും കലാനിർമ്മിതികൊണ്ടു് മാത്രം തൃപ്തിപ്പെടുവാൻ പാടില്ല. സാഹോദര്യത്തിന്റെ പുതിയൊരു സന്ദേശത്താൽ പ്രേമത്തിന്റെയും വിശ്വാസത്തിന്റെയും പുതിയൊരു പ്രേരണയാൽ, സഞ്ചാലിതമായ—ആശയും ആഹ്ലാദത്തോടൊപ്പം സ്ഥിരനിശ്ചയവും നിറഞ്ഞുനിൽക്കുന്ന—ഒരു പുതിയ ലോകംകൂടി നിങ്ങൾ സൃഷ്ടിക്കുക!”

---

നാളിൽ എന്റെ ഒരു പഴയ സുഹൃത്തായ ശിവറാവുവിനെ ഞാൻ ഫോണിൽ വിളിച്ചു, മിസ്സസ് സരോജനീനായിഡുവിനു അമാന്തിയാതെ ഒരു സ്വീകരണം നൽകാൻ പോകുന്നുണ്ടെന്നദ്ദേഹമെന്നെ അറിയിച്ചു. ഞാനതിനു എത്തിച്ചേരണമെന്നദ്ദേഹമാവശ്യപ്പെട്ടു.

അവിടെ ചെന്ന ഉടൻതന്നെ ന്യൂഡൽഹിയിലിപ്പോൾ വന്നു കൂട്ടം കൂടിയിട്ടുള്ള മിക്കവാറും എല്ലാ വിദേശപത്രപ്രതിനിധികളുമായി പരിചയപ്പെടുവാൻ എനിക്കു സാധിച്ചു. അതോടൊപ്പംതന്നെ ഇന്ത്യൻപൊതുജീവിതത്തിൽ മുന്നിനിൽക്കുന്ന പലവ്യക്തികൾക്കും അവർ എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. എല്ലാവരിൽനിന്നും എനിക്കു ലഭിച്ച സ്വീകരണം അങ്ങേയററം സൌഹാർദ്ദപൂർവകവും അലിവു പുരണ്ടതുമായിരുന്നു. മററു വിദേശപത്രപ്രതിനിധികളും ഗവർമ്മെണ്ടു വാർത്താവിതരണ ഉദ്യോഗസ്ഥന്മാരും എല്ലാവിധത്തിലും എന്നെ സഹായിച്ചുപോന്നു. രണ്ടാമത്തെ കൂട്ടരിൽ ഒരാൾ തികഞ്ഞ സൌശീല്യത്തോടെ എന്നെ അറിയിച്ചു, അയാൾ എന്നെ ആദ്യമായിട്ടാണ് കാണുന്നതെങ്കിലും അയാൾക്കെന്നെ എത്രയോ കാലമായി പരിചയമുള്ളതുപോലെ തോന്നുന്നുവെന്നു്. കാരണം അയാൾ മുമ്പു കുറെക്കൊല്ലക്കാലം ഇന്ത്യാഓഫീസിന്റെ വാർത്താവിതരണവകുപ്പിൽ ഒരു ഉദ്യോഗസ്ഥനായിരുന്നിട്ടുണ്ടു്. അന്നെല്ലാം അയാൾ പറഞ്ഞതുപോലെ, മി. ആർ പാമ്ദത്തു് എവിടെങ്കിലും ഒരു പ്രസംഗം ചെയ്താൽ അടുത്ത ദിവസം കാലത്തു അതിന്റെ ഒരു മുഴുവൻ പകർപ്പ് ഇന്ത്യാ ആഫീസിൽ അയാളുടെ മേശപ്പുറത്തു ഹാജരുണ്ടാവും. കാര്യം അങ്ങനെയാണെങ്കിൽ, സമയം ചില വഴിക്കാൻ മററു മാർഗ്ഗങ്ങളൊന്നുമില്ലാത്ത പക്ഷം, ഇന്ത്യാ ആഫീസിൽ അവർക്കു വളരെ കുറച്ചു പണി മാത്രമേ ചെയ്യേണ്ടതായി വന്നിരിക്കയു

(ശേഷം 11-ാം പേജിൽ)

# എന്റെ ഇന്ത്യൻപര്യടനം

ള്ളവല്ലോ എന്നു ഞാൻ മറുപടി പറഞ്ഞു.

ഇതിന്റെ ശേഷം, ഇവിടെ ഒരൊന്നിനെക്കുറിച്ചും ധാരാളം പറയാനുണ്ടെന്നു മനസ്സിലാക്കിയ ഞാൻ അവ ഉപചാരമായി ചെയ്തുതീർക്കുന്നതിൽ സ്വയം ഏർപ്പെട്ടു. ഇതിന്റെയെല്ലാം ഗൗരവസമന്വിതമായ ഒരു വിവരണം ഇവിടെ കൊടുക്കാൻ ഞാൻ തെയ്യാറാപ്പെടുന്നില്ല. അങ്ങുമിങ്ങും നിന്നു ചില കുറിപ്പുകൾ മാത്രം കൊടുക്കാനേ ഉദ്ദേശിക്കുന്നുള്ളു.

അന്നു രാത്രി ഉറങ്ങുവാൻ കിടക്കയിൽ കിടന്നപ്പോൾ ഇന്ത്യയിൽ ഞാൻ വന്നിട്ട് കാലമെത്രയായോ അതായിപ്പോയെന്നും ഇതു തികച്ചും എന്റെ സ്വന്തം രാജ്യം തന്നെയാണെന്നും എനിക്കു തോന്നുകയുണ്ടായി.

മാർച്ച് 31

തീർച്ചയായും ന്യൂഡൽഹിയല്ല ഇന്ത്യ. ഇവിടത്തെ കൂററൻ കെട്ടിടങ്ങളും കൃത്രിമമായി പടുത്തുയർത്തിയ [illegible]ങ്ങളും അന്തമില്ലാതെ നീട്ടിവലിച്ചു പണിതീർത്ത രാജവീഥികളുടെ അവസാനമോ അതിരോ ഇല്ലാത്ത നീണ്ടുനിവർന്നുള്ള കിടപ്പും ഇനിയും പണിയുവാൻ പോകുന്ന കെട്ടിടങ്ങളുടെ തിക്കും തിരക്കും എല്ലാം കൂടി ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്റെ മുഴുവൻ പ്രഭാവത്തെയും വിളിച്ചു പറയുന്ന ഒരു രാക്ഷസീയ പ്രദർശനമായിട്ടാണു ഈ പട്ടണം കാണപ്പെടുന്നത്. ഒരു ചിത്രകാരൻ അയാളുടെ പാപഫലമായി ഇതൊന്നു ചിത്രീകരിക്കുവാൻ ഒരുമ്പെടുകയാണെങ്കിൽ അയാളുടെ ഇനിയുള്ള ജീവിതകാലം മുഴുവൻ ഇവിടെ ഒററത്തു നിന്നു മറെറാററത്തേക്കു വീണ്ടും വീണ്ടും നടന്നു അലയുവാൻ അയാൾ നിർബന്ധിതനായിത്തീരും. വെള്ളക്കാരുടെ രാജ്യത്തെ ഒരു കൃത്രിമപ്പെടുത്ത പ്രദർശനത്തിന്റെ വിപുലീകൃതമായ ഒരു ഭയങ്കരപ്രകടനമാതൃകയായി ഇതിനെ വേണമെങ്കിലെടുക്കാം. പക്ഷേ, ഒന്നുമാത്രം: അത്തരം പ്രദർശനത്തിൽ സാധാരണയുണ്ടാവാറുള്ളപോലെ സന്ദർശകരെ വഹിച്ചുകൊണ്ടു വട്ടത്തിൽ ചുററിപ്പാഞ്ഞുകൊണ്ടിരിക്കുന്ന തീവണ്ടി ഇവിടെ കാണുകയില്ല. ഇവിടത്തെ പ്രദേശത്തിന്റെ വിസ്തൃതിയോടു താരതമ്യപ്പെടുത്താവുന്നതായി വാഹനങ്ങൾ [illegible] മാത്രമേ കാണു. വാടകക്കാറുകൾ ദുർല്ലഭം. ഉള്ളവതന്നെ താങ്ങാൻ വയ്യാത്ത ചിലവു ചെയ്താലേ കിട്ടു. അവ ഓടിക്കുന്നതോ എത്ര ദൂരം സഞ്ചരിച്ചു എന്നറിയിക്കുന്ന മീററില്ലാതെയാണു താനും. പിന്നെ ഇവിടെയുള്ളതു് ചെറുതരം താംഗകൾ അഥവാ കുതിരവണ്ടികൾ ആണ്. ട്രാമില്ല് ചില ചെറിയ ബസ്സുകൾ ഇല്ലെന്നില്ല. പക്ഷേ, ഇടക്കേ അവ കിട്ടൂ. വളരെനേരം കാത്തുനിൽക്കേണ്ടിവരും. എന്നാൽ തന്നെ നാഴികയ്ക്കു രണ്ടണയെന്ന നിരക്കിലാണു കൂലികൊടുക്കേണ്ടതു്. ചുരുക്കത്തിൽ, ന്യൂഡൽഹി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു് മഹാരാജാക്കന്മാർക്കും ദേവലോകനിവാസികളായ വെള്ളക്കാർക്കുമാണ്, സാധാരണ ജനങ്ങൾക്കല്ല. യഥാർത്ഥ ഇൻഡ്യയുടെ ഒരു "താംഗ"കൾ അഥവാ കുതിരവണ്ടികൾ ആണ്. ട്രാമില്ല. ചില ചെറിയ ബസ്സുകൾ ഇല്ലെന്നില്ല. പക്ഷേ ഇടക്കേ അവ കിട്ടൂ. വളരെ നേരം കാത്തു നിൽക്കേണ്ടിവരും. എന്നാൽ തന്നെ നാഴികയ്ക്കു രണ്ടണയെന്ന നിരക്കിലാണു കൂലി കൊടുക്കേണ്ടതു. ചുരുക്കത്തിൽ ന്യൂഡൽഹി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു മഹാരാജാക്കന്മാർക്കും ദേവലോകനിവാസികളായ വെള്ളക്കാർക്കുമാണ്, സാധാരണ ജനങ്ങൾക്കല്ല. യഥാർത്ഥ ഇന്ത്യയുടെ ഒരു കഷണം കാണണമെങ്കിൽ ഏഴുനാഴികദൂരെ കിടക്കുന്ന ഓൾഡ് ഡൽഹിയിലേക്കു പോകണം. അവിടെ തെരുവുകൾ ചുരുണ്ടു വളഞ്ഞു കുന്നും കുഴിയുമായും ജീവിതം ഉരുകിപ്പൊരിഞ്ഞും ഇരിക്കുന്നു.

കാലത്തു പത്രപ്രതിനിധികൾ എന്നെ കാണാൻ വന്നു തുടങ്ങി. ഇതു വാസ്തവത്തിൽ രസകരമെങ്കിലും ക്രമവിരുദ്ധമായ ഒരേർപ്പാടാണ്. ഞാനിവിടെ വന്നിരിക്കുന്നതു മററുള്ളവരെ കാണാനാണ്. പക്ഷേ ഇവിടെ എന്നെ കാണാൻ ആളുകൾ ഇങ്ങോട്ടുവരുകയത്രേ ചെയ്യുന്നതു്.

ഭാക്ക്മീരി റോഡിൽ മുനിസിപ്പൽ ജീവനക്കാരുടെ കോളണിയിൽ നാളെ ഗാന്ധിജി വന്നു താമസിക്കാനുള്ള കെട്ടിടങ്ങൾ സജ്ജീകരിക്കുന്നതു കാണുവാൻ വൈകുന്നേരം എന്നെ ചിലർ കൂട്ടിക്കൊണ്ടു പോയി. ആ സ്ഥലം മുഴുവൻ ശുചിയാക്കുന്നുണ്ട്. നടവഴികൾ ഉണ്ടാക്കുന്നു, വിദ്യുച്ഛക്തി സ്ഥാപിക്കുന്നു. ഗാന്ധിജി താമസിക്കാനുള്ള മുറി 30 അടി നീളവും 15 അടി വീതിയുമുള്ള ഒന്നാണ്. ആറു ജനാലകളതിലുണ്ട്. ചാരനിറത്തിലുള്ളതും വക്കിൽ ചുവന്ന കരയുള്ളതുമായ ഭംഗിയേറിയ നല്ല ഒരു പരവതാനി നിലത്തു വിരിച്ചിരിക്കുന്നു. നാലു പാടും ജോലിത്തിരക്കുകളുടേതായ ഒരു കാഴ്ച. കീറത്തുണികൾ ധരിച്ചവരാണെങ്കിലും മുഖത്തു അൽഭുതാവഹമായ കാന്തിപ്രസരവും ഗൗരവഭാവവും വഹിച്ചുകൊണ്ടു അവിടത്തെ വേലക്കാർ കോൺഗ്രസ് വാളണ്ടിയർമാരുടെ നിർദ്ദേശമനുസരിച്ചു അദ്ധ്വാനിച്ചു പണിയെടുക്കുന്നു. എത്ര വേലക്കാരെ ഈ പണിക്കു നിർത്തിയിട്ടുണ്ടെന്നു അതിന്റെ ചുമതല വഹിച്ചിരുന്ന മാനേജരോടു ഞാൻ ചോദിച്ചു. നൂറു പേരുണ്ടെന്നു അയാൾ പറഞ്ഞു. ചിലവെന്തു വരുമെന്നായി എന്റെ ചോദ്യം. ഏകദേശം ആയിരം ഉറുപ്പികവരുമെന്നാണയാൾ കണക്കാക്കിയിട്ടുള്ളതു്; മേരി അന്റോണെററിരാജകൊട്ടാരം വിട്ടിറങ്ങി ഒരു ഇടയത്തിയായി ജീവിക്കാൻ പുറപ്പെട്ടാലത്തെ ഒരുക്കങ്ങളുടെ ഒരു മട്ട് എനിക്കാകപ്പാടെ കൂടി തോന്നി. അഥവാ മിസ്സസ് നായിഡു ഗാന്ധിയോടു തന്നെ തമാശയായി പറഞ്ഞതി

തുപോലെ അപ്പോൾ നിങ്ങൾ രാജകീയപ്രതാപശാലിയായ ഒരു തോട്ടിവേലക്കാരനായിരിക്കുകയാണ്.

ഏററവും കൂടുതൽ ചിലവുവരുന്ന ഒരു ഹോട്ടലിൽ താമസിക്കുകയാണെങ്കിൽ പോലും ഇതിലും ചിലവുകുറഞ്ഞു കിട്ടുമെന്നതു നിസ്സംശയമാണ്. പക്ഷേ, അനാഡംബരജീവിതം എപ്പോഴും അധികച്ചിലവു വരുത്തുന്നതായിരിക്കും.

മിസ്സിസ്സ് നായിഡുവിനോടൊന്നിച്ചു വമ്പൻ കോടീശ്വരന്മാരിലൊരാളുടെ ഒരു കൊട്ടാരത്തിൽവച്ചു ഞാൻ ചായകുടിച്ചു. ഈ കൊട്ടാരങ്ങളുടെ രാജകീയ പ്രൗഢി അവ കണ്ടാൽമാത്രമേ വിശ്വസിക്കാൻ സാധിക്കൂ. വിസ്തൃതമായ ദർബാർമുറികൾ; വിലപിടിച്ച വലിയ പരവതാനികൾ; അവയുടെ ഒററം അനന്തമായ വിദൂരതയിലേക്കു അങ്ങിനെ നീട്ടിനിവർത്തി വിരിച്ചിരിക്കും. പഴഞ്ചൻ കൊത്തുവേലകൾ നിറഞ്ഞ ഫർണിച്ചർ, ഏതോ ഒരു രാജാവിനെ എനിക്കവർ പരിചയപ്പെടുത്തിത്തന്നു.

ഒരു വാതിൽ പെട്ടെന്നു മലക്കെത്തുറന്നു. ഉടൻതന്നെ ഒരാൾ വന്നു വലിയബഹുമാനത്തോടെ രാജകുമാരിമാർ വരുന്നുവെന്നു വിളംബരം ചെയ്തു. സാരിധരിച്ചു മൂന്നു ചെറുപ്പക്കാരിപെൺകിടാങ്ങൾ അകത്തോട്ടു നടന്നുവന്നു. മിസ്സിസ്സ് നായിഡു തികച്ചും ഉത്സാഹശീലയും എല്ലായ്പോഴത്തെയും പോലെ വിനോദശീലയുമായി കാണപ്പെട്ടു. സംഭാഷണത്തിലെ അധികഭാഗവും ഞാൻ കുത്തകയാക്കിയെടുത്തുവോ എന്നു സംശയിക്കുന്നു. ഇംഗ്ലണ്ട്, യുദ്ധം, പുതിയയൂറോപ്പ്, സോവിയററ്യൂണിയൻ തുടങ്ങിയ എല്ലാററിനെപ്പററിയും അവർ എന്നോടു ചോദ്യങ്ങൾ ചോദിച്ചു. എന്നാലും ആ രാജകുമാരികൾ എന്തെങ്കിലും പഠിച്ചിട്ടുണ്ടാവുമെന്നു ഞാൻ ആശിക്കുന്നു.

---

(12-ാം പേജിൽനിന്നു തുടർച്ച)

വിട്ടയച്ചു, എല്ലാനിരോധനഉത്തരവുകളും പിൻവലിക്കണം. നമ്മുടെ പട്ടണങ്ങളിൽ റോന്തു ചുററുന്ന പട്ടാളങ്ങളെ തിരികെ വിളിക്കണം. ഒരു സ്വതന്ത്രജനതയുടെ മുഴുവൻ അവകാശങ്ങളും നമുക്കു ലഭിക്കണം. ഭക്ഷണം വസ്ത്രം മററു നിത്യോപയോഗസാധനങ്ങൾ മുതലായ എല്ലാററിന്റെയും ഉൽപാദനം സംഭരണം വിതരണം ഇവ ഉടനടി ജനപ്രതിനിധികളെ ഏൽപ്പിക്കണം.

Reg No
T. 66

# PRASANNAKERALAM

License No. 390
Dated 15-6-1939

സി. കേശവൻ

## സ്വാതന്ത്ര്യസ്നേഹികളോട്

മൌനം കുററകരമാകുന്ന ചില മുഹൂർത്തങ്ങൾ ചരിത്രത്തിൽ അവതരിക്കാറുണ്ടു്. ദുഃഖ സംഗതിയെന്നു തന്നെ ചിലപ്പോൾ ചില പൈശാചികതകളും കാണും. ഒഴുക്കിനു അനുകൂലമായി താഴോട്ടു ഒഴുകുവാനുള്ള വാസനയും കൂടും. എന്നാൽ എല്ലാ പ്രതിബന്ധങ്ങളേയും നേരിട്ടുകൊണ്ടു ഉള്ളതു പറയുവാനുള്ള കടമ ഈ സാഹചര്യങ്ങളിൽ നൂറിരട്ടി വർദ്ധിക്കുകയാണു ചെയ്യുന്നതു്. അങ്ങനെ, മൌനം ശിക്ഷാർഹമായ ഭീരുത്വമായിത്തീർന്നിരിക്കുന്ന ഈ കാലഘട്ടത്തിലൂടെയാണ് ഇന്നു തിരുവിതാംകൂർ കടന്നുപോകുന്നതു്.

ഇത്രയധികം വ്യഥകൾ നിറഞ്ഞതും എന്നാൽ പ്രാധാന്യമുള്ളതുമായ ഒരു സന്ദർഭം നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നാണ് എന്റെ അഭിപ്രായം. എല്ലായിടത്തും പട്ടിണിയുടെയും ക്ലേശങ്ങളുടെയും കറുത്തിരുണ്ട ചിത്രങ്ങളേ കാണാനുള്ളു. എവിടെച്ചെന്നാലും യുദ്ധത്തിന്റെ ഫലമായ രോദനങ്ങളേ കേൾക്കാനുള്ളു. അരി കിട്ടുന്നില്ല, തുണി കിട്ടുന്നില്ല, മണ്ണെണ്ണയും പഞ്ചസാരയും ലഭിക്കുന്നില്ല, എല്ലാ സാധനങ്ങളുടെയും വില വളരെ വർദ്ധിച്ചിരിക്കുന്നു എന്നിങ്ങനെയുള്ള എത്ര പരാതികളാണ് ഓരോദിവസവും നമ്മെ വന്നു തട്ടുന്നതു്. ഇതിനോടൊപ്പംതന്നെ തൊഴിലാളികൾ പണിമുടക്കുന്നതായും [illegible] പട്ടിണിജാഥകൾ നടക്കുന്നതായും പത്രങ്ങളിൽ കാണുന്നുണ്ടു്. ഗവർമ്മെന്റു ഇവയെ നേരിടാൻ അതിന്റെ കൈവശമുള്ള ആയുധങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്. തിരുവിതാംകൂറൊട്ടാകെ ഘോഷയാത്രാനിരോധനം മൂന്നുമാസത്തേക്കുകൂടെ നീട്ടിയിരിക്കുന്നു. രാജ്യത്തൊരിടത്തും പണിമുടക്കു പ്രചരണയോഗങ്ങൾ നടത്തിക്കൂടാ. കൊല്ലം ഡിസ്ട്രിക്ടിൽ ഇപ്പോൾ എല്ലാ യോഗങ്ങളും നിരോധിച്ചിരിക്കുകയാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, ആലുവാ, പുനലൂർ മുതലായ സ്ഥലങ്ങളിൽ പട്ടാളത്തെയും റിസർവ്വ്പോലീസിനെയും പ്രവർത്തനസജ്ജമാക്കി നിറുത്തിയിരിക്കുന്നു. ദിനംപ്രതിയെന്നോണം അറസ്റ്റുകളുടെ റിപ്പോർട്ടുകൾ പത്രങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്.

ഇവയെല്ലാം ഗവർമ്മെന്റു പറയുന്ന ന്യായം "കമ്യൂണിസ്റ്റുകാരും ചില കോൺഗ്രസ്സുകാരും" കുഴപ്പമുണ്ടാക്കുന്നുണ്ടെന്നും അതിനെ തടയാതിരിക്കാൻ നിർവാഹമില്ല എന്നുമാണ്. നമ്മുടെ പത്രങ്ങളും പല പൊതുകാര്യപ്രസക്തന്മാരും ഈ ന്യായവാദത്തെ അനുകൂലിക്കുന്ന ഗതിക്കാണ് ഇപ്പോൾ സഞ്ചരിക്കുന്നതു്. എന്നാൽ ഇന്നത്തെ വമ്പിച്ച കുഴപ്പങ്ങൾ ഏതാനുംപേരുണ്ടാക്കുന്നതാണെന്നു പറയുന്നതു തികച്ചും പിശകാണെന്നാകുന്നു എന്റെ അഭിപ്രായം. "കമ്യൂണിസ്റ്റുകാർക്കും ചില കോൺഗ്രസ്സുകാർക്കും" അവർക്കുള്ളതിൽ കൂടുതൽ സ്വാധീനശക്തി ആരോപിക്കുവാൻ ഞാൻ തയ്യാറല്ല. പട്ടിണി, വിലക്കയററം, തൊഴിലില്ലായ്മ മുതലായവയാൽ കുഴഞ്ഞിരിക്കുന്ന ഈ രാജ്യത്തു് കുഴപ്പമുണ്ടാക്കാൻ ആരും എങ്ങുനിന്നും വരണമെന്നില്ല. നാമെല്ലാം കുഴഞ്ഞിരിക്കുന്നു എന്നുള്ളതാണ് വസ്തുത. അതുകൊണ്ടു നിരോധന ഉത്തരവുകൾ തുടർച്ചയായി പുറപ്പെടുവിച്ചതുകൊണ്ടോ, ഏതാനും പേരെ അറസ്റ്റു ചെയ്തതുകൊണ്ടോ ഈ കുഴപ്പങ്ങൾക്കു പരിഹാരമുണ്ടാകുമെന്നു കരുതുന്നതു തനി മൌഢ്യമാണ്. എത്രയോ പ്രാവശ്യം പ്രയോഗിച്ചു പരാജയപ്പെട്ടതായ ഔഷധങ്ങൾ തന്നെ പിന്നെയും പിന്നെയും ആവർത്തിക്കുന്നതു് എന്തു കഷ്ടമില്ലായ്മയാണ്.

ഏതായാലും ഈ വിഷമതകൾക്കു ഒരു പരിഹാരം കണ്ടു പിടിച്ചേ തീരൂ. അല്ലെങ്കിൽ നാം നശിച്ചുപോകുമെന്നുള്ളതിനു സംശയമില്ല. എന്റെ അഭിപ്രായത്തിൽ ആ മാർഗ്ഗം സ്റ്റേറ്റുകോൺഗ്രസ്സ് നിർദ്ദേശിച്ചിട്ടുണ്ടു്. തിരുവിതാംകൂറിലെ ജനങ്ങൾ അതു് അവരുടെ ആവശ്യമായി സ്വീകരിക്കുകയും അതിനുവേണ്ടി ത്യാഗപൂർവ്വം പടവെട്ടുകയും ചെയ്തിട്ടുണ്ടു്. ആ മാർഗ്ഗമാണ് ഉത്തരവാദഭരണം. അതിന്റെ അർത്ഥമെന്താണ്? ദിവാൻ ഭരണത്തിന്റെ സ്ഥാനത്തു ജനങ്ങളുടെ ഭരണം നിലവിൽ വരണം. ആ ഭരണകൂടത്തിന്റെ രൂപഭേദങ്ങളെപ്പററിയോ, സ്വഭാവവിശേഷങ്ങളെപ്പററിയോ വാദപ്രതിവാദം ചെയ്യുന്നതിനു സമയം കളയേണ്ട കാര്യമില്ല. സ്റ്റേറ്റുകോൺഗ്രസ്സ് അതു് തികച്ചും വ്യക്തമാക്കിയിട്ടുണ്ടു്. തിരുവിതാംകൂറിലെ പ്രായപൂർത്തിയുള്ള പൗരന്മാരുടെ വോട്ടുകൊണ്ടു തെരഞ്ഞെടുക്കുന്ന ജനപ്രതിനിധിസഭ വേണം ഈ രാജ്യത്തിന്റെ ഭരണഘടന രൂപീകരിക്കേണ്ടതെന്നു നാം വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. തിരുവിതാംകൂറിലെ മററുപല ബഹുജനസംഘടനകളും ഈ ആവശ്യത്തെ പിൻതാങ്ങി പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ടു്. രാജ്യത്തിന്റെ ഏതെല്ലാം ഭാഗത്തു ഞാൻ ഇതിനെപ്പററി പൊതുയോഗങ്ങളിൽ സംസാരിച്ചിട്ടുണ്ടോ, അവിടെയെല്ലാം ബഹുജനങ്ങൾ ഈ ആവശ്യം സഹർഷം സ്വാഗതം ചെയ്യുന്നതായിട്ടാണ് എനിക്ക് അനുഭവപ്പെട്ടിട്ടുള്ളതു്. എന്നു മാത്രമല്ല ഇന്നു നമ്മുടെ നാട്ടുജനങ്ങളും ചെന്നു വീണിരിക്കുന്ന ഭയങ്കരമായ കുഴിയിൽ നിന്നും നമ്മെ കരകയററുന്നതിനു [illegible] ജനങ്ങളുടേതായ ഒരു ഗവർമ്മെന്റിനു മാത്രമേ കഴിയുകയുള്ളു എന്നു സ്വയം വ്യക്തമാണ്. അതുകൊണ്ടു ഭരണപരമായ വാദപ്രതിവാദങ്ങളും കൂടിയാലോചനകളും എല്ലാം [illegible] ശരി, തിരുവിതാംകൂറിലെ ജനങ്ങൾ പ്രായപൂർത്തിവോട്ടവകാശം ഉപയോഗിച്ചു തെരഞ്ഞെടുക്കുന്ന ഒരു ജനപ്രതിനിധിസഭ വേണം ഈ രാജ്യത്തിന്റെ ഭാവി ഭരണഘടന നിശ്ചയിക്കുവാൻ എന്ന മൗലികമായ അവകാശവാദത്തെ കൈവെടിയുവാൻ നമുക്കു നിവൃത്തിയില്ല. ഇതിൽ നിന്നു തെല്ലെങ്കിലും പിന്നോട്ടുപോകുന്നതു ജനങ്ങളുടെ ഉത്തമതാല്പര്യങ്ങളെ ഒററുകൊടുക്കുകയായിരിക്കുമെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

ഇതുപോലെ തന്നെ സർവ്വപ്രധാനമായ ഒരു സംഗതിയാണു ഇൻഡ്യൻ ഭരണഘടനാനിർമ്മാണ സമിതിയിലേക്കു തിരുവിതാംകൂറിന്റെ പ്രതിനിധികളായി പോകുന്ന ആളുകൾ ആരായിരിക്കണമെന്നുള്ളതു്. ജനങ്ങൾ തെരഞ്ഞെടുക്കുന്നവർ തന്നെ അവിടെ പ്രതിനിധീകരിക്കണമെന്നു സ്റ്റേറ്റുകോൺഗ്രസും മററു സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ടു്. എന്നാൽ കഴിഞ്ഞ കൗൺസിൽ സമ്മേളനത്തിൽ ദിവാൻജി പറഞ്ഞതു, നിയമസഭകളുടെ രണ്ടുമണ്ഡലങ്ങളുടെയും ഒരു സംയുക്തയോഗത്തിൽ വച്ചു, ആ തെരഞ്ഞെടുപ്പ് നടത്തുമെന്നു്. നാം നിർദ്ദേശിച്ചതോ, ദിവാൻജി പ്രസ്താവിച്ചതോ, ഏതാണു നടക്കാൻ പോകുന്നതു്? രണ്ടാമത്തേതാണെങ്കിൽ അതിനെക്കാൾ നമുക്കു ആപൽക്കരവും അപമാനകരവുമായ മറെറാന്നും സംഭവിക്കാനില്ല. എല്ലാ രാഷ്ട്രീയതടവുകാരെയും

(ശേഷം 11-ാം പേജിൽ)

Printed at the Powradhwany Press, Kottayam & Published by Anjiliparampil Kumaran at Kottayam